www.malankaralibrary.com

മേയ് 2025

# ക്രൈസ്തവ കാഹളം



## കരുണയുടെ കടലടങ്ങി

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com




www.malankaralibrary.com



ക്രൈസ്തവ കാഹളം

# ഉള്ളടക്കം

ഏപ്രിൽ 2025 വാല്യം 86 ലക്കം 4




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

| | |
|---|---|
| എഡിറ്റോറിയൽ | 5 |
| പിതൃമൊഴി | 7 |
| കരുണയുടെ പ്രതിരൂപം: ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതവും പൈതൃകവും | 9 |
| സഭയുടെ വലിയ ഇടയൻ: മാർപാപ്പമാരുടെ ചരിത്രവും തെരഞ്ഞെടുപ്പും | 21 |
| കാലം കാതോർത്ത കാൽപെരുമാറ്റം ഇനി നിത്യതയിൽ | 34 |

www.malankaralibrary.com



## എഡിറ്റോറിയൽ

# ബോനസേര...

2013 മാർച്ച് 13-ാം തീയതി വൈകിട്ട് 5 മണിമുതൽ തന്നെ റോമിൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ആൾക്കൂട്ടം വന്നുകൊണ്ടിരുന്നു. പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിന്റെ രണ്ടാം ദിവസമാണ്. ആദ്യദിവസം ഒരു ബാലറ്റ് മാത്രമേ നടന്നിട്ടുള്ളൂ. അതിന്റെ ഫലം കറുത്ത പുകയായിരുന്നു. രണ്ടാം ദിവസമാണ് പൂർണ്ണമായി എല്ലാ ബാലറ്റുകളും നടന്നത്. അതായത് അന്നേ ദിവസം നാല് തവണ വോട്ടെടുപ്പ് നടന്നു. മൂന്നിന്റെയും ഫലം കറുത്ത പുകയായിരുന്നു. അവസാനത്തെ ബാലറ്റിലെ ഫലമറിയാനാണ് ജനം സെന്റ് പീറ്റേഴ്സ് സ്ക്വയറിലേക്ക് തടിച്ചുകൂടി വന്നത്. റോമിലും പരിസരങ്ങളിലും ശൈത്യകാലം അതിന്റെ അവസാന നാളുകളിലേക്ക് എത്തിയിരിക്കുകയാണ്. എങ്കിലും നല്ല തണുപ്പുണ്ട്. ഒപ്പം അത്ര മോശമല്ലാത്ത മഴയും. ഏറെക്കുറെ വന്നുകൂടിയവരെല്ലാം കുടപിടിച്ചാണ് നിൽക്കുന്നത്. സമയം ആറും ആറരയും കഴിഞ്ഞു. ചിലയിടങ്ങളിൽ ആളുകൾ കൂട്ടം കൂടി ജപമാല ചൊല്ലുന്നു. ഒരിടത്ത് ചാക്കു വസ്ത്രം ധരിച്ച ഒരു പ്രായമായ മനുഷ്യൻ മഴ നനഞ്ഞുകൊണ്ട് മുട്ടിന്മേൽ നിന്ന് ജപമാല ചൊല്ലുന്നു. എല്ലാവരും ആ മനുഷ്യനെ ശ്രദ്ധിക്കുന്നുണ്ട്. സെന്റ് പീറ്റേഴ്സ് സ്ക്വയർ പകുതിയിലധികം ആളുകളെ കൊണ്ട് നിറഞ്ഞു. ഏഴ് മണി നാല് മിനിറ്റ് സിസ്റ്റെയിൻ ചാപ്പലിന്റെ മുകളിലുള്ള ചിമ്മിനിയുടെ പുകക്കുഴലിൽ നിന്നും പുക പുറത്തേക്ക് വന്നുതുടങ്ങി. ആദ്യ പുകച്ചുരുളുകൾ കണ്ടപ്പോൾ വെളുപ്പാണോ, കറുപ്പാണോ ചെറിയ സംശയം. പിന്നീട് ശക്തിയോടെ സംശയമില്ലാതെ വെള്ളപ്പുക ചുരുളുകൾ പുറത്തേക്ക് വന്നു. നീണ്ട കരഘോഷം. ആളുകൾ അവരവരുടെ സംസ്കാരവും ഭാഷയും രാജ്യപ്രത്യേകതകളും അനുസരിച്ച് ഓരോരുത്തരുടെയും ദേശീയ പതാകകൾ ഉയർത്തിവീശി പുതിയ മാർപാപ്പയെ ലഭിച്ചതിന്റെ സന്തോഷം പ്രകടിപ്പിച്ച് തുടങ്ങി. ചിമ്മിനിക്കുചുറ്റും പറന്ന പക്ഷിയെ കണ്ട് പലരും കൗതുകത്തോടെ അഭിപ്രായങ്ങൾ പറഞ്ഞു. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന വലിയ മണികൾ നിർത്താതെ മുഴങ്ങിക്കൊണ്ടിരുന്നു. റോമാ നഗരം മുഴുവൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിലേക്ക് ഒഴുകിയെത്തി. അരമണിക്കൂറിനുള്ളിൽ ചത്വരം ജനനിബിഢമായി. റോമാ പട്ടണത്തിലേക്ക് നീണ്ടുകിടക്കുന്ന വഴികളെല്ലാം ജനങ്ങളെക്കൊണ്ട് നിറഞ്ഞു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ സ്ഥാപിച്ചിരുന്ന കർട്ടൺ രണ്ട് വശങ്ങളിലേക്കും മാറ്റിവച്ചു. ക്രമേണ കർദിനാൾ സംഘത്തിലെ ഏറ്റവും മുതിർന്ന അംഗം ജീൻ ലൂയിസ് ടവൂരാൻ പ്രത്യക്ഷനായി. "ഹബേമൂസ് പാപ്പാം... കർദിനാൾ ഹോർഗെ മാരിയോ ബർഗോളിയോ ഫ്രാൻസിസ് എന്ന പേരിൽ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു." പാപ്പയാകാൻ സാധ്യതയുള്ള പത്തോളം പേരുടെ വിശദവിവരങ്ങളുമായിട്ടാണ് ഞാനും സഹായികളായ രണ്ട് വൈദിക വിദ്യാർത്ഥികളും ചത്വരത്തിൽ നിന്നിരുന്നത്. നാട്ടിലേക്കുള്ള ന്യൂസ് ചാനലുകൾക്കും പത്രങ്ങൾക്കും വാർത്ത നൽകുകയായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. പക്ഷേ എല്ലാം കൈവിട്ടുപോയി. പത്ത് പേരിൽ ഈ പറഞ്ഞ പേരില്ല. പുതിയ മാർപാപ്പ ഏത് രാജ്യക്കാരനാണെന്നുപോലും മനസ്സിലാകുന്നില്ല. ആകെ ഒരു അമ്പരപ്പ്. ആ അമ്പരപ്പ് ഞങ്ങൾക്ക് മാത്രമായിരുന്നില്ല. പേര് പ്രഖ്യാപിച്ച് കഴിഞ്ഞപ്പോൾ പരസ്പരം നോക്കുന്ന ഒരു ജനസഞ്ചയത്തെയാണ് ഞങ്ങൾ അവിടെ കണ്ടത്. ചെറിയ ബ്രേക്ക് കഴിഞ്ഞാണ് വീണ്ടും ജനം വലിയ ആരവങ്ങളിലേക്ക് നീങ്ങുന്നത്. ഇപ്പോൾ കുറെക്കൂടി വ്യക്തമായി അർജന്റീനയുടെ പതാക ചത്വരത്തിലെങ്ങും ഉയർത്തി

www.malankaralibrary.com

വീശുന്നത് കാണാനാകും. കൂടെയുള്ള വൈദിക വിദ്യാർത്ഥികളിൽ ഒരാൾ തൊട്ടടുത്ത് അർജന്റീന പതാക വീശിക്കൊണ്ടിരുന്ന സന്യാസിനികളുടെ സമീപം ചെന്ന് ചോദിച്ചു. ആരാണ് പുതിയ മാർപാപ്പ?. അവർ അതീവ ഉത്സാഹത്തോടെ പറഞ്ഞു ബ്യൂണസ് ഐറിസിലെ ആർച്ചുബിഷപ്പ് കർദിനാൾ ബർഗോളിയോ ആണെന്ന്. വീണ്ടും ആകാംഷയോടെ ജനം കാത്തിരുന്നു. ബാൽക്കണിയിൽ പുതിയ മാർപാപ്പ പ്രത്യക്ഷപ്പെട്ടു. ജനങ്ങളുടെ ഹർഷാരവങ്ങൾ ഒന്ന് കുറയുന്നതുവരെ പുഞ്ചിരിയോടെ അവരെ കൈകൾ വീശി പാപ്പ കാത്തുനിന്നു. പിന്നീട് പറഞ്ഞു "സഹോദരീ സഹോദരന്മാരെ, ബോനസേര!" ഗുഡ് ഈവനിംഗ് എന്നാണ് അർത്ഥം. അഭിവാദ്യം വളരെ വ്യത്യസ്ഥമായിരുന്നു. എനിക്ക് ആകെ പന്തികേട് തോന്നി. കഴിഞ്ഞ രണ്ട് വർഷം റോമിൽ പഠിച്ചതാണ്. മിക്കവാറും എല്ലാ ബുധനാഴ്ചകളും ബനഡിക്ട് പാപ്പായുടെ പൊതുദർശന പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. സിനഡുകൾ അടക്കം എല്ലാ പ്രധാന പരിപാടികളുടെയും വാർത്തകളും വിശദാംശങ്ങളും വായിക്കാറുമുണ്ട്. പക്ഷേ ഒരിടത്തും ഇങ്ങനെ ഒരു പേരോ, ഈ ഒരു മുഖമോ കണ്ടതായിട്ടോ, കേട്ടതായിട്ടോ ഓർമ്മയിലില്ല. എന്റെ അമ്പരപ്പ് മാറിയത് ഒറ്റ നിമിഷം കൊണ്ടാണ്. പുതിയ പാപ്പ ജനത്തെ അഭിവാദനം ചെയ്ത് സംസാരിക്കുന്നതിനിടയിൽ തലകുനിച്ച് പിടിച്ചു. എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് പറഞ്ഞു. പതിനായിരങ്ങൾ തിങ്ങിനിറഞ്ഞ വിശുദ്ധ പത്രോസിന്റെ ചത്വരം പൂർണ്ണ നിശബ്ദതയിലായി. ഇത് ജനത്തിന്റെ മാർപാപ്പയെന്ന് മനസ്സ് പറഞ്ഞു. അതീവ സന്തോഷത്തോടെയാണ് അന്ന് ആ ചത്വരം വിട്ട് പോയത്. പിറ്റേ ദിവസം ആകസ്മീകമായി വളരെ അടുത്ത് കാണുവാൻ സന്ദർഭം ലഭിച്ചു. വീണ്ടുമൊരിക്കൽ അത്യഭിവന്ദ്യ കർദിനാൾ ക്ലീമീസ് ബാവാ തിരുമേനിയുടെ ഇടപെടൽ വഴിയായി ഞാൻ വികാരിയായിരുന്ന ഇടവകയിലെ ഒരു കുടുംബത്തോടൊപ്പം ആ ഇടവകയിൽത്തന്നെ എനിക്ക് മുൻപ് വികാരിമാരായിരുന്ന മറ്റ് രണ്ട് വൈദീകരോടൊപ്പം പരിശുദ്ധ പിതാവിനെ ഏകദേശം നാൽപ്പത്തഞ്ച് മിനിട്ടോളം നേരിട്ട് കണ്ട് സംസാരിക്കുന്നതിന് അവസരം ലഭിച്ചു. ഇതൊന്നും ഒരിക്കലും മറക്കാൻ സാധിക്കുന്ന കാര്യങ്ങളല്ല. ഒറ്റക്കാരണമേയുള്ളൂ നമ്മുടെ ഹൃദയത്തിൽ ഈ പാപ്പാ ഏറെ സ്ഥലം, വലിയ സ്ഥാനം നേടിക്കഴിഞ്ഞു. നമ്മളാരും അറിഞ്ഞ കൊടുത്തതല്ല നാമറിയാതെ നമ്മുടെ ഉള്ളിലേക്ക് സ്നേഹമായി, കരുണയായി, സാന്ത്വനമായി, കർക്കശക്കാരനായ പിതാവായി പരിശുദ്ധ പിതാവ് ഇടം നേടി.

കഴിഞ്ഞ ആഴ്ച പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പാ ലോകം വിട്ട് പോയപ്പോൾ എല്ലാവർക്കും അത് വലിയ ശൂന്യതയാണ് നൽകിയത്. പകരം വയ്ക്കാൻ നമുക്ക് നമ്മുടെ കാലഘട്ടത്തിൽ മറ്റൊരാളില്ല. കരുണയുടെ മഹാസാഗരമായിരുന്നു പിതാവ്. എല്ലാവരെയും ചേർത്തുപിടിച്ച, എല്ലായിടങ്ങളിലേക്കും ബന്ധത്തിന്റെ പാലം പണിത മഹായിടയന് പ്രണാമം.



**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com





# കരുണയുടെ കരം കരുതലിന്റെ സ്വരം



ആഗോള കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ സ്വർഗ്ഗസ്ഥിതനായിരിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ സഭയൊന്നാകെ പ്രാർത്ഥന കളും സ്നേഹവും സമർപ്പിക്കുന്നു. അദ്ദേഹത്തിലൂടെ ലഭിച്ച നന്മകൾക്ക് ദൈവസന്നിധിയിൽ കൃതജ്ഞത അർപ്പിക്കുന്നു.

കരുതലിന്റെ രൂപമായി നിലകൊണ്ട പിതാവായിരുന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ. സാധാരണ നിലയിൽ നാം കാണാതെ പോകുന്ന ആളുകളെ കണ്ടെത്തിയ വലിയ ഇടയനായിരുന്നു അദ്ദേഹം. ഫ്രാൻസിസ് മാർപാപ്പ കത്തോലിക്കാ സഭയ്ക്കു മാത്രമല്ല, ആഗോള സമൂഹ ത്തിനും വലിയ നേതൃത്വം നൽകി. ഭാരത സംസ്കാരത്തെ വളരെയേറെ ബഹുമാനിച്ചിരുന്ന വ്യക്തിത്വമായിരുന്നു മാർപാപ്പയുടേത്. നമ്മുടെ ദേശത്തോടുള്ള മതിപ്പ് വ്യക്തിപരമായിത്തന്നെ അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. ലോകരാജ്യങ്ങൾക്കിടയിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ട രാജ്യമെന്നായിരുന്നു ഭാരതത്തെക്കുറിച്ചുള്ള മാർപാപ്പയുടെ നിലപാട്. സഭയ്ക്ക് ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വം സവിശേഷമായിരുന്നു. സുവിശേഷം വീണ്ടും വായിക്കാനും നേരിട്ട് അടുത്തു കാണാനുമുള്ള ഉപദേശമായിരുന്നു സഭാമക്കൾക്ക് പിതാവ് നൽകിയിരുന്നത്.കണ്ടെത്തിയതി നേക്കാൾ ആഴത്തിലുള്ള ചില കാര്യങ്ങൾ സുവിശേഷത്തിൽ ഉണ്ടെന്ന ഓർമപ്പെടുത്തൽ നൽകി. പൊതുസമൂഹത്തിൽ അദ്ദേഹത്തിന്റെ നേതൃത്വം ഐക്യത്തിന്റെ രൂപമായി പ്രവർത്തിച്ചു. അബുദാബിയിൽ നടന്ന മതാന്തര സമ്മേളന ത്തിൽ പങ്കെടുത്ത അദ്ദേഹം മനുഷ്യ സാഹോദര്യം ഊട്ടി യുറപ്പിച്ചു.

നാമെല്ലാവരും സഹോദരങ്ങളാണെന്ന തലക്കെട്ടിൽ മാർപാപ്പ എഴുതിയ വളരെ വിഖ്യാതമായ അപ്പസ്തോലിക ലേഖനങ്ങളുണ്ട്. തലക്കെട്ടിന്റെ പ്രത്യേകത മാത്രമല്ല, സമീപനത്തിന്റെ പ്രത്യേകത കൂടിയാണ് ഇതു വ്യക്ത മാക്കുന്നത്. ഓരോരുത്തരും നമ്മുടെ സമൂഹ മനഃസാക്ഷിയെ

www.malankaralibrary.com

ഉണർത്തുന്ന സമീപനത്തോടെ ജീവിക്കണം. ഭൂമിയെക്കുറിച്ചുള്ള കാഴ്ചപ്പാട് ലൗദാത്തോസി എന്ന ലേഖനത്തിൽ പിതാവ് വ്യക്തമാക്കുന്നു. ഭൂമിയെ അമ്മയായി കാണണമെന്ന സമീപനമാണ് അദ്ദേഹം മുന്നോട്ടു വച്ചത്. പാവങ്ങളോടുള്ള പരിഗണന ഏറെ എടുത്തുപറയേണ്ടതാണ്. മാർപാപ്പയുടെ ഹൃദ്യമായ ഇടപെടലുകൾ പ്രോട്ടോകോൾ എല്ലാം മാറ്റിവച്ചുള്ള സമീപനമായിരുന്നു. തന്നെ കാണാൻ എത്തുന്നവരെ മടക്കി അയയ്ക്കുമ്പോൾ വാതിൽപ്പടിവരെയെത്തി യാത്രയാക്കുന്ന പിതാവ്, അതിൽ വലിയവരെന്നോ ചെറിയവരെന്നോ ഉള്ള വ്യത്യാസം കാണിച്ചിരുന്നില്ല.

2013ൽ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഏതു പേരാണ് സ്വീകരിക്കുന്നതെന്ന ചോദ്യത്തിന്, അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് എന്നായിരുന്നു മറുപടി. മാർപാപ്പ ആയതിനുശേഷം ഇന്നുവരെ ജന്മനാട്ടി ലേക്ക് സന്ദർശനം നടത്തിയിട്ടില്ലെന്നത് ആശ്ചര്യപ്പെടുത്തുന്നു. ജന്മനാട്ടിലേക്ക് പോകുന്നില്ലേ എന്നു പലവട്ടം പരിശുദ്ധ പിതാവിനോട് ചോദിച്ചപ്പോഴും സമയമുണ്ടല്ലോ എന്നായിരുന്നു മറുപടി. മാർപാപ്പയുടെ ആത്മീയത സാധാരണ അളവുകോലിൽ അളന്നെടുക്കാൻ കഴിയാത്ത ഒന്നാണ്. വ്യത്യസ് തതകളുടെ ഒരു ആത്മീയമനുഷ്യൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാ വുന്നതാണ്.

ഈസ്റ്റർദിന സന്ദേശത്തിലും മാർപാപ്പയുടെ കരുതലിന്റെ കരസ്പർശ മുണ്ടായിരുന്നു. ഗാസയിലെ യുദ്ധം അവസാനിപ്പിക്കണമെന്നാണ് ഈസ്റ്റർദിന സന്ദേശത്തിലും അദ്ദേഹം പറഞ്ഞത്. അധാർമികമായത് ഉപേക്ഷിക്കണമെന്ന് ഭരണാധികാരികളോടുപോലും പറയുന്നതിന് മടിക്കാത്ത വ്യക്തിത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പ. ലോകമനഃസാക്ഷിയുടെ സൂക്ഷിപ്പുകാരൻ മാത്രമല്ല, ലോക നേതൃനിരയിൽ നിന്ന അനന്യ വ്യക്തിത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടേത്. ലാളിത്യം, വിനയം, മനുഷ്യനോടുള്ള അടുപ്പം ഇവയെല്ലാ മായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ പ്രത്യേകതകൾ.

പരിശുദ്ധ പിതാവേ ദൈവസന്നിധിയിൽ അങ്ങ് സമാധാനത്തോടെ വസിക്കുക.

നിങ്ങളുടെ പിതാവ്,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ**
**മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്**



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ



# കരുണയുടെ പ്രതിരൂപം ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതവും പൈതൃകവും

സമൂഹത്തിലെ താഴേത്തട്ടിലുള്ളവരെ വലുതായി കരുതുകയും നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദമാവുകയും സുവിശേഷത്തിന്റെ ആധുനിക യുഗത്തിലെ സാക്ഷ്യമാവുകയും ചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ ചരമ വാർത്ത വേദനയോടെയാണ് ലോകം ശ്രവിച്ചത്. ദൈവം തന്നെ ഏല്പിച്ച വിശേഷ ദൗത്യം ഏറ്റം വിശ്വസ്തതയോടെ നിറവേറ്റി തന്റെ നിത്യസമ്മാനത്തിനായി ഫ്രാൻസിസ് മാർപാപ്പ കടന്നുപോയപ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും പ്രസരിച്ച പുണ്യത്തിന്റെ പ്രകാശ ചൈതന്യം എന്നും പ്രചോദനമായി വിശ്വാസികളുടെ ഇടയിൽ അണയാതെ നിലനിൽക്കും. 2013 മാർച്ചു 13-ന് സഭയുടെ തലവനായി തിരഞ്ഞെടുക്കപ്പെട്ടതു മുതൽ തന്റെ വലിയ ഇടയന്റെ ഉത്തരവാദിത്വങ്ങൾ വിനയത്തോടെ ‘ആടുകളുടെ മണമുള്ള’ ഇടയനെപ്പോലെ അദ്ദേഹം നിറവേറ്റി. സഭയെ ലക്ഷ്യബോധത്തോടെയും വലിയ കരുതലോടെയും നയിച്ച മാർപാപ്പ അഭയാർത്ഥി ക്യാമ്പുകളും കാരാഗ്രഹങ്ങളും ആതുരാലയങ്ങളും തന്റെ സ്ഥിരം



www.malankaralibrary.com



സന്ദർശന മേഖലകളാക്കി. പാർശ്വവൽക്കരിക്കപ്പെട്ടവരും പാവങ്ങളും സഭയ്ക്കുംസമൂഹത്തിനും വേണ്ടപ്പെട്ടവരാണെന്നും ദൈവം അവരെ മറന്നിട്ടില്ലെന്നും തന്റെ സാന്നിധ്യത്തിലൂടെ അദ്ദേഹം വെളിവാക്കി. അമേരിക്കൻ വൻകരകളിൽ നിന്നുള്ള ആദ്യ മാർപാപ്പ, ദാരിദ്ര്യത്തെ പുൽകിയ അസ്സീസി പുണ്യവാനെ അനുസ്മരിച്ചു ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ച ആദ്യ മാർപാപ്പ, എ.ഡി. 1540-ൽ സ്ഥാപിതമായതും സഭയിലെ ഇന്നത്തെ ഏറ്റവും വലിയ സന്യാസ സമൂഹവുമായ ഈശോ സഭയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ തുടങ്ങിയ അനേകം 'ആദ്യ' വിശേഷണങ്ങൾ അദ്ദേഹത്തിന്റെ പേരിനോട് ചേർത്തുവയ്ക്കപ്പെട്ടു. ദാരിദ്ര്യം, കാലാവസ്ഥാ വ്യതിയാനം, അഭയാർത്ഥികൾ, മനുഷ്യമഹത്വം തുടങ്ങിയ വിഷയങ്ങളിലെല്ലാം ലോകത്തിന്റെ മനസാക്ഷിയോട് മാർപാപ്പ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. നിയതമായ ലിഖിത പ്രമാണങ്ങൾ പോലെതന്നെ മനുഷ്യബന്ധങ്ങൾക്കും കരുണയ്ക്കും വലിയ പ്രാധാന്യം നൽകിയ ഫ്രാൻസിസ് മാർപാപ്പയുടെ ദേഹവിയോഗം മാനവരാശിക്കുതന്നെ തീരാനഷ്ടമാണ് സമ്മാനിച്ചിരിക്കുന്നത്. ജീവിതത്തിലെ കുരിശുകൾ ധീരതയോടെ നേരിട്ടുകൊണ്ട് അനേകർക്ക് പ്രത്യാശ പകർന്നു നൽകിയ ആപുണ്യ ജീവിതത്തെയും അദ്ദേഹത്തിന്റെ സംഭാവനകളെയും ചുരുക്കി വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

തെക്കേ അമേരിക്കയിലെ അർജന്റീനയിലെ ബോനസ് ഐറസ് നഗരത്തിലുള്ള ഫ്ലോറസ് എന്ന സ്ഥലത്തു 1936 ഡിസംബർ 17-ന് മാരിയോ ഹൊസെ ബെർഗോഗ്ലിയോ-റെജീന മരിയ സിവോറിയ ദമ്പതികളുടെ സീമന്ത പുത്രനായി ഹോർഹെ (George) ജനിച്ചു. മരിയ എലേന, ആൽബെർത്തോ ഹൊറാസിയോ, മാർത്ത റെജീന, ഓസ്കാർ അഡ്രിയാൻ എന്നീ നാല് സഹോദരങ്ങളിൽ മരിയ എലേന എന്ന സഹോദരി മാത്രമാണ് ഇപ്പോൾ അർജന്റീനയിൽ ജീവിച്ചിരിക്കുന്നത്. ഹോർഹെയുടെ മാതാപിതാക്കൾ ഇറ്റലിയിലെ മുസ്സോളിനിയുടെ ഏകാധിപത്യത്തിൽ നിന്നും രക്ഷ നേടുന്നതിനായി അർജന്റീനയിലേക്ക് കുടിയേറിയവരാണ്.



വി. ഡോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ സന്യാസികൾ നടത്തുന്ന വീടിനടുത്തുള്ള സ്കൂളിലാണ് ബെർഗോഗ്ലിയോ തന്റെ പ്രാഥമിക വിദ്യാഭ്യാസം നടത്തിയത്. പിന്നീട് ഹിപ്പോളിത്തോ റിഗോയൻ സ്കൂളിൽ നിന്നും കെമിക്കൽ ടെക്നീഷ്യൻ ഡിപ്ലോമ നേടിയശേഷം കെമിക്കൽ സാങ്കേതിക വിദഗ്ദ്ധനായി ഒരു സ്ഥാപനത്തിൽ ജോലിക്ക് കയറുകയും ചെയ്തു. കുറച്ചു നാളുകൾ ഒരു സ്ഥാപനം വൃത്തിയാക്കുന്നതിന്റ മേൽനോട്ടക്കാരൻ (janitor) ആയും ജോലി ചെയ്തുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബെർഗോഗ്ലിയോയ്ക്ക് 21 വയസ്സുള്ളപ്പോൾ ന്യൂമോണിയ ബാധിച്ചു മരണാസന്നനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സാകാലയളവിൽ അദ്ദേഹത്തിന്റെ ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കം ചെയ്യുകയുണ്ടായി.

ബെർഗോഗ്ലിയോയുടെ സന്യാസ ദൈവവിളിക്ക് കാരണമായി പറയപ്പെടുന്നത് അദ്ദേഹം നടത്തിയ ഒരു ദേവാലയ സന്ദർശനമാണ്. വസന്തകാലം ആഘോഷിക്കുന്നതിനായി കൂട്ടുകാരോടൊത്ത് പോകുന്ന വഴിയിൽ ഒരു പള്ളിയിൽ കുമ്പസാരിക്കാനായി കയറി. കുമ്പസാരിപ്പിച്ച അച്ചന്റെ ഉപദേശങ്ങളും വിശുദ്ധിയുടെ നൈർമല്യവും ചെറുപ്പക്കാരനായ ബെർഗോഗ്ലിയോയെ വളരെയധികം സ്വാധീനിച്ചു. തനിക്ക് ഭൗതീക ജീവിതത്തിൽ ലഭിക്കുന്ന ആനന്ദത്തേക്കാൾ അഭിലഷണീയം ദാരിദ്ര്യവും ദൈവീക സംസർഗ്ഗവുമാണെന്ന തിരിച്ചറിവിൽ സന്യാസത്തെ ആശ്ലേഷിക്കാൻ അദ്ദേഹം തീരുമാനിച്ചു.

അതിരൂപതയുടെ അമലോത്ഭവ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ച ബെർഗോഗ്ലിയോ മൂന്ന് വർഷത്തിന് ശേഷം 1958 മാർച്ച് 11-ന് ഈശോസഭയിലെ നോവിസ് ആയി പഠനം തുടർന്നു. ഇക്കാലയളവിൽ മനസ്സിൽ ഒരു പെൺകുട്ടിയോട് പ്രണയം തോന്നിയപ്പോൾ ദൈവവിളിയെക്കുറിച്ചു തനിക്ക് സംശയം

www.malankaralibrary.com





ഉദിച്ചെങ്കിലും ആ ചിന്ത താൽക്കാലികം ആയിരുന്നുവെന്നും പിന്നീടൊരിക്കലും അത്തരം ചിന്തകൾ അലട്ടിയിട്ടില്ലെന്നും മാർപാപ്പ പറഞ്ഞിട്ടുണ്ട്. ബെർഗോഗ്ലിയോയെ അധികാരികൾ ചിലിയിലെ സാന്തിയാഗോ ആശ്രമത്തിൽ അയക്കുകയും അവിടുത്തെ പഠനത്തിന് ശേഷം 1960 മാർച്ച് 12-ന് അദ്ദേഹം ആദ്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. പിന്നീട് സാൻ മിഗുവേലിലുള്ള മാക്സിമോ ദേ സാൻ ഹൊസെ കോളേജിൽ നിന്നും തത്വശാസ്ത്രത്തിൽ ലൈസിൻഷിയേറ്റ് ബിരുദം സമ്പാദിച്ചു. സാന്തഫെ നഗരത്തിലെ അമലോത്ഭവ കോളേജിലും ബോനസ് ഐറസിലെ എൽ സാൽവദോർ കോളേജിലും സാഹിത്യ-മനഃശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കാൻ അധികാരികൾ അദ്ദേഹത്തെ നിയോഗിച്ചു.

ബെർഗോഗ്ലിയോ തന്റെ ദൈവശാസ്ത്ര പഠനം സാൻ മിഗുവേൽ ജെസ്വിട്ട് കോളേജിൽ പൂർത്തിയാക്കുകയും 1969 ഡിസംബർ 13-ന് ആർച്ചുബിഷപ് റമോൻ ഹൊസെ കസ്തല്ലാനോ അദ്ദേഹത്തെ ഒരു വൈദികനായി അഭിഷേചിക്കുകയും ചെയ്തു. അതിന് ശേഷം ഈശോസഭയിലെ നോവിസ് മാസ്റ്ററായും ദൈവശാസ്ത്ര അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. ഈശോസഭാ സന്യാസ സമൂഹത്തിലെ അവസാനഘട്ട പരിശീലനം പൂർത്തിയാക്കി 1973 ഏപ്രിൽ 22-ന് അദ്ദേഹം തന്റെ നിത്യവ്രതവാഗ്ദാനം നടത്തി. അധികം താമസിയാതെ ബെർഗോഗ്ലിയോ അർജന്റീനയിലെ ഈശോസഭാ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ആയി നിയമിക്കപ്പെട്ടു.

പ്രൊവിൻഷ്യലിന്റെ സേവനകാലാവധി പൂർത്തിയായപ്പോൾ ബെർഗോഗ്ലിയോയെ അദ്ദേഹം പഠിച്ച സാൻ മിഗുവേൽ കോളേജിലെ തത്വശാസ്ത്ര-ദൈവശാസ്ത്ര വിഭാഗത്തിന്റെ റെക്ടറായി അധികാരികൾ നിയമിച്ചു. ഈ സ്ഥാനം ഏറ്റെടുക്കുന്നതിന് മുൻപായി ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുകയെന്ന ഉദ്ദേശത്തോടെ 1980-ൽ ഡബ്ലിനിലുള്ള ജെസ്വിട്ട് സെന്ററിൽ അദ്ദേഹം മൂന്നു മാസം താമസിച്ചു. ആറു വർഷത്തെ സേവനത്തിന് ശേഷം സാൻ മിഗുവേൽ കോളേജിൽ നിന്നും വിരമിക്കുകയും ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിലുള്ള ഗയോർഗൻ തത്വശാസ്ത്ര-ദൈവശാസ്ത്ര സ്കൂളിൽ പ്രസിദ്ധ ഇറ്റാലിയൻ-ജർമ്മൻ ദൈവ

www.malankaralibrary.com



ശാസ്ത്രജ്ഞൻ റൊമാനൊ ഗ്വർഡീനിയുടെ രചനകളെ അടിസ്ഥാനപ്പെടുത്തി ഒരു പ്രബന്ധം തയ്യാറാക്കാനുള്ള പരിശ്രമം തുടങ്ങുകയും ചെയ്തു. എന്നാൽ പഠനം പൂർത്തിയാകുന്നതിന് മുൻപ് അർജന്റീനയിലെ കൊർദോബ ഈശോ സഭ ആശ്രമത്തിലെ ആത്മീയ പിതാവായി അദ്ദേഹത്തെ അധികാരികൾ നിയോഗിച്ചു.

1992-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ബെർഗോഗ്ലിയോയെ ബോനസ് ഐറിസ് അതിരൂപതയുടെ സഹായമെത്രാനായി നിയമിച്ചു. അഞ്ചു വർഷം ഈ സ്ഥാനത്ത് സ്തുത്യർഹമായി സേവനം ചെയ്ത ബെർഗോഗ്ലിയോയെ 1997 ജൂൺ മൂന്നിന് അതിരൂപതയുടെ പിന്തുടർച്ചാവകാശമുള്ള ബിഷപ്പായി നിയമിച്ചു. അടുത്ത വർഷം ബോനസ് ഐറിസ് അതിരൂപതയുടെ ആർച്ചുബിഷപ്പായി അദ്ദേഹം ചുമതല ഏറ്റെടുത്തു. തന്റെ ഭരണകാലയളവിൽ ധാരാളം ഇടവകകൾ പുതിയതായി ആരംഭിക്കുകയും അതിരൂപതയുടെ ഭരണസംവിധാനം അദ്ദേഹം ഉടച്ചുവാർക്കുകയും ചെയ്തു. ആർച്ചുബിഷപ്പ് ബെർഗോഗ്ലിയോ പ്രത്യേക താത്പര്യമെടുത്തു ബോനസ് ഐറിസിലുള്ള ചേരികളിലെ സഭയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഇവിടെ സേവനം ചെയ്യുന്ന വൈദികരുടെ എണ്ണം ഇരട്ടിയായി വർദ്ധിപ്പിച്ചു. തത്ഫലമായി അദ്ദേഹത്തിന് 'ചേരിയുടെ ബിഷപ്പ്' എന്ന ഒരു ചെല്ലപ്പേര് ഇക്കാലയളവിൽ ലഭിക്കുകയും ചെയ്തു.

ബോനസ് ഐറിസ് ആർച്ചുബിഷപ്പ് ആയിരിക്കുന്ന സമയത്ത് അവിടെയുള്ള ബിഷപ്പുമാരില്ലാത്ത പൗരസ്ത്യ സഭകളുടെ ചുമതലക്കാരനായും അദ്ദേഹത്തെ മാർപാപ്പ നിയമിച്ചു. ഇത് പൗരസ്ത്യ സഭകളെ അടുത്തറിയുന്നതിനുള്ള ഒരു അവസരം ആർച്ചുബിഷപ്പ് ബെർഗോഗ്ലിയോയ്ക്ക് നല്കി. ആർച്ചുബിഷപ്പ് എന്ന നിലയിൽ എല്ലാവർഷവും പെസഹാ വ്യാഴാഴ്ച്ച നടത്താറുള്ള കാൽകഴുകൽ ശുശ്രൂഷ ബോനസ് ഐറിസ് നഗരത്തിലെ ജയിലിലും, ആശുപത്രികളിലും, ചേരികളിലും നടത്തുന്ന പതിവും ബെർഗോഗ്ലിയോ ആരംഭിച്ചു.

2001 ഫെബ്രുവരി 21-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ കർദിനാളായി നിയമിച്ചു. ബെർഗോഗ്ലിയോയുടെ ലളിത ജീവിതവും സഭയുടെ പ്രബോധനങ്ങളോടുള്ള വിശ്വസ്തതയും സാമൂഹിക പ്രതിബദ്ധതയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് അർജന്റീനയിലുടനീളം വലിയ സ്വീകാര്യത നേടിക്കൊ





ടുത്തു. അവിടെയുണ്ടായിരുന്ന ആർച്ചുബിഷപ്പിന്റെ വലിയ ഭവനം ഉപേക്ഷിച്ചു ഒരു ചെറിയ വീട്ടിലാണ് അദ്ദേഹം താമസിച്ചത്. അതുപോലെ തന്നെ ബോനസ് ഐറിസ് നഗരത്തിലെ പൊതുഗതാഗത സംവിധാനമാണ് യാത്രയ്ക്കായി അദ്ദേഹം തിരഞ്ഞെടുത്തത്. മിക്കപ്പോഴും തനിക്കാവശ്യമായ ഭക്ഷണം അദ്ദേഹം തന്നെയാണ് പാചകം ചെയ്തിരുന്നതും.

2005 നവംബർ 8-ന് അർജന്റീനയിലെ എപ്പിസ്കോപ്പൽ കോൺഫറൻസ് പ്രസിഡന്റായിബെർഗോഗ്ലിയോയെ ബിഷപ്പുമാർ തിരഞ്ഞെടുത്തു. മൂന്ന് വർഷ കാലാവധി അവസാനിച്ചപ്പോൾ വീണ്ടും ഒരിക്കൽക്കൂടി ആ പദവിയിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അർജന്റീനയിലെ കുപ്രസിദ്ധ ജൂന്റ ഭരണകാലത്തു നടന്ന 'വൃത്തികെട്ട യുദ്ധത്തിൽ' (Dirty War) ജനങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങളെ ശരിയായി പ്രതിരോധിക്കുന്നതിന് സഭയ്ക്ക് സാധിക്കാതിരുന്നതിനു അദ്ദേഹം എപ്പിസ്കോപ്പൽ കോൺഫറൻസ് പ്രസിഡന്റ് എന്ന നിലയിൽ മാപ്പു ചോദിച്ചു.

2005 ഏപ്രിൽ മാസത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കാലം ചെയ്തപ്പോൾ കർദിനാൾ ബെർഗോഗ്ലിയോ മാർപാപ്പയുടെ ശവസംസ്കാര ശുശ്രൂഷയിലും അതിന് ശേഷം നടന്ന കർദിനാളന്മാരുടെ സംഗമത്തിലും സംബന്ധിച്ചു. ഈ കോൺക്ലേവിൽ വച്ചാണ് കർദിനാൾ ജോസഫ് റാറ്റ്സിംഗർ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. റോമിൽ വരുന്ന സമയങ്ങളിലൊക്കെ കമ്യൂണിയോ ആൻഡ് ലിബറേഷൻ എന്ന കത്തോലിക്കാ ഭക്തസംഘടനയിലെ അംഗമായിരുന്ന കർദിനാൾ ബെർഗോഗ്ലിയോ അവരുടെ സമ്മേളനങ്ങളിലും സംബന്ധിച്ചിരുന്നു. ബോനസ് ഐറിസ് ആർച്ച് ബിഷപ്പ് ആയിരിക്കുന്ന സമയത്ത് 2011 ഡിസംബറിൽ 75 വയസ്സ് തികഞ്ഞപ്പോൾ ബെനഡിക്റ്റ് മാർപാപ്പയ്ക്ക് തന്റെ രാജി സമർപ്പിച്ചുകൊണ്ട് വിശ്രമജീവിതത്തിനായി അദ്ദേഹം ഒരുങ്ങി.

ബെനഡിക്റ്റ് മാർപാപ്പയുടെ അപ്രതീക്ഷിത സ്ഥാനത്യാഗത്തിന് ശേഷം നടന്ന കർദിനാളന്മാരുടെ കോൺക്ലേവിന്റെ രണ്ടാം ദിനം 2013 മാർച്ച് പതിമൂന്നിന് കർദിനാൾ ജോർജ്ജ് ബെർഗോഗ്ലിയോ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. താൻ ഫ്രാൻസിസ് എന്ന നാമം സ്വീകരിച്ചതിന്റെ കാരണം മാർപാപ്പ തന്നെ പിന്നീട് വെളിപ്പെടുത്തിയിട്ടുണ്ട്. അസാധാരണ ദാരിദ്ര്യത്തിന്റെ ആൾരൂപമായിരുന്ന അസ്സീസിയിലെ പുണ്യവാനെ പിഞ്ചെന്നു പാവങ്ങൾക്ക് വേണ്ടി ജീവിക്കുക എന്നതായിരുന്നു അതിന്റെ പിന്നിലുള്ള ചേതോവികാരം. ഏതാണ്ട് ആയിരത്തിഒരുനൂറ് വർഷത്തിന് ശേഷമാണ് നേരത്തെ ഉപയോഗിക്കാത്ത ഒരു പുതിയ പേര് ഒരു മാർപാപ്പ സ്വീകരിച്ചത്. (ജോൺ പോൾ ഒന്നാമൻ മാർപാപ്പ തന്റെ തൊട്ടു മുൻപുള്ള രണ്ടു മാർപാപ്പമാരുടെ പേര് ഒരുമിച്ചു ചേർത്താണ് പുതിയൊരു നാമം സ്വീകരിച്ചത്). ഫ്രാൻസിസ് മാർപാപ്പയുടെ ലാളിത്യത്തിലൂന്നിയുള്ള പ്രവർത്തനശൈലി ഭരണത്തിന്റെ തുടക്കം മുതൽ പ്രകടമായിരുന്നു. തിരഞ്ഞെടുപ്പിന് ശേഷം വി. പത്രോസിന്റെ ബസിലിക്കയ്ക്ക് മുൻപിലുള്ള ചത്വരത്തിൽ ഒരുമിച്ചുകൂടിയ ആളുകളെ ആശീർവദിക്കുന്നതിന് മുൻപായി സ്ഥാനത്യാഗം ചെയ്ത ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയ്ക്ക് വേണ്ടിയും തനിക്ക് വേണ്ടിയും പ്രാർത്ഥിക്കണം എന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

സാധാരണയായി പുതിയതായി ഒരു മാർപാപ്പ തിരഞ്ഞെടുക്കപ്പെടുമ്പോൾ വത്തിക്കാനിലെ ജോലിക്കാർക്ക് ബോണസ് നൽകുന്ന പാരമ്പര്യം ഉണ്ടായിരുന്നു. എന്നാൽ ഫ്രാൻസിസ് മാർപാപ്പ

ഈ പതിവ് നിർത്തലാക്കുകയും ആ തുക പാവങ്ങളെ സഹായിക്കാനായി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇത് കൂടാതെ വത്തിക്കാൻ ബാങ്കിന്റെ മേൽനോട്ട സമിതിയിൽ പ്രവർത്തിച്ചിരുന്ന കർദിനാളന്മാർക്ക് ഓരോ വർഷവും നൽകിയിരുന്ന ഇരുപത്തിയ്യായിരം യൂറോയുടെ ബോണസും മാർപാപ്പ നിർത്തലാക്കി. മാർപാപ്പ ആയി അധികനാൾ കഴിയും മുൻപ് 2013 ഏപ്രിൽ 13-ന് കർദിനാളന്മാരുടെ ഒരു ഉപദേശക സമിതിക്ക് ഫ്രാൻസിസ് പാപ്പ രൂപം നല്കി. വത്തിക്കാൻ കൂരിയയുടെ പ്രവർത്തനങ്ങൾ നവീകരിക്കാനുള്ള നിർദേശങ്ങൾ സമർപ്പിക്കുക എന്നതായിരുന്നു ഈ സമിതി രൂപീകരണത്തിന്റെ പ്രധാന ലക്ഷ്യം. 2022 ജൂൺ മാസം മുതൽ വത്തിക്കാൻ ഭരണസംവിധാനത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയ 'പ്രഡിക്കാത്തെ ഏവൻഗേലിയും' എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷന്റെ പ്രസിദ്ധീകരണത്തിലേക്ക് നയിച്ചത് ഈ ഉപദേശക സമിതിയുടെ നിർദേശങ്ങളാണ്.

ബോനസ് ഐറിസ് ആർച്ചുബിഷപ്പായിരുന്നപ്പോൾ ആരംഭിച്ച ചില അനുഷ്ഠാനങ്ങൾ മാർപാപ്പ ആയതിന് ശേഷവും അദ്ദേഹം തുടർന്നു. 2013-ലെ പെസഹാ വ്യാഴം റോമിലെ കാസൽ ദൽ മാർമോജയിൽ സന്ദർശിച്ചു അവിടുത്തെ സ്ത്രീ-പുരുഷ തടവുകാരുടെ കാൽ കഴുകി. ചരിത്രത്തിൽ ആദ്യമായി ഒരു മാർപാപ്പ സ്ത്രീകളുടെ കാൽ കഴുകിയ ശുശ്രൂഷയായിരുന്നു ഇത്. മാത്രമല്ല അതിൽ ഒരു പുരുഷനും ഒരു സ്ത്രീയും മുസ്ലിം മതവിശ്വാസികൾ ആയിരുന്നുവെന്ന പ്രത്യേകതയും ഉണ്ട്. മാർപാപ്പ ആയതിന് ശേഷമുള്ള തന്റെ ആദ്യത്തെ ഈസ്റ്റർ സന്ദേശത്തിൽ ലോക സമാധാനത്തിനായി മാർപാപ്പ ആഹ്വാനം ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'മരണത്തെ ജീവനാക്കിയ വിദ്വേഷത്തെ സ്നേഹമാക്കിയ, പ്രതികാരത്തെ അനുരഞ്ജനമാക്കിയ, യുദ്ധത്തെ സമാധാനമാക്കിയ, ഉത്ഥിതനായ ക്രിസ്തുവിനോട് നമ്മൾ ഇന്ന് പ്രാർത്ഥിക്കുന്നു'.

ഇതുവരെ അഞ്ചു പ്രധാനപ്പെട്ട സിനഡുകളാണ് ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ളത്. 2014-ലെ സിനഡിന്റെ വിഷയം കുടുംബത്തിലൂടെയുള്ള സുവിശേഷവത്ക്കരണം എന്നതായിരുന്നു. 2015-ൽ അതിന്റെ തുടർച്ചയായി ആധുനിക ലോകത്തിലും സഭയിലും കുടുംബത്തിന്റെ വിളിയും ദൗത്യവും എന്ന വിഷയത്തെ അധികരിച്ചു ചർച്ചകൾ നടന്നു. ഇതേത്തുടർന്നാണ് 'അമോറിസ് ലത്തീസിയ'



www.malankaralibrary.com



എന്ന അപ്പസ്തോലിക പ്രബോധനം പ്രസിദ്ധീകരിച്ചത്. 2018-ൽ യുവജനങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടും, 2019-ൽ തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന വിവിധ വെല്ലുവിളികളെ സംബന്ധിച്ചുള്ളതും ആയിരുന്നു. 2021-2024 കാലയളവിൽ സിനഡൽ സഭ എന്ന വിഷയത്തെ അധികരിച്ചു സഭയ്ക്കുള്ളിൽ പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഫ്രാൻസിസ് മാർപാപ്പ വലുതായ മാറ്റങ്ങൾ കൊണ്ടുവരുവാൻ പരിശ്രമിച്ച ഒരു മേഖല വത്തിക്കാന്റെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുക എന്നതായിരുന്നു. വത്തിക്കാൻ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ മാറ്റം കൊണ്ടുവരുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നതിനായി മാർപാപ്പ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു.

2013 ഏപ്രിൽ 29-ന് ഫ്രാൻസിസ് മാർപാപ്പ തന്റെ ആദ്യത്തെ ചാക്രികലേഖനം 'വിശ്വാസത്തിന്റെ പ്രകാശം' (*Lumen fidei*) പ്രസിദ്ധീകരിച്ചു. ഇതിന്റെ പ്രധാന ജോലികൾ ബെനഡിക്റ്റ് മാർപാപ്പയുടെ ഭരണകാലയളവിൽ നടന്നതാണ്. സഭാചരിത്രത്തിൽ രണ്ടു മാർപാപ്പമാർ തയ്യാറാക്കിയ ഒരേയൊരു ചാക്രികലേഖനമാണ് ഇത്. 2013 നവംബർ 24-ന് 'സുവിശേഷത്തിന്റെ സന്തോഷം' (*Evangelii gaudium*) എന്ന പ്രബോധനരേഖ ഫ്രാൻസിസ് മാർപാപ്പ പുറത്തിറക്കി. ഇന്നത്തെ ലോകത്തിൽ എങ്ങനെ സുവിശേഷം പ്രസംഗിക്കണം എന്ന ആശയമാണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്.

പ്രകൃതിയുടെ പരിപാലനത്തെക്കുറിച്ചു ഫ്രാൻസിസ് മാർപാപ്പ 2015 ജൂൺ 18-ന് പ്രസിദ്ധീകരിച്ച ചാക്രികലേഖനമാണ് 'അങ്ങേയ്ക്ക് സ്തുതി' (*Laudato si*). ഇതിൽ അമിതമായ ഉപഭോഗസംസ്ക്കാരത്തെയും നിരുത്തരവാദിത്വപരമായ പുരോഗതികളെയും പ്രകൃതിനശീകരണത്തെയും ആഗോളതപനത്തെയും കുറിച്ചൊക്കെ മാർപാപ്പ ആധികാരികമായി സംസാരിക്കുന്നു. 2016 ഏപ്രിൽ 8-ന് പ്രസിദ്ധീകരിച്ച മാർപാപ്പയുടെ രണ്ടാമത്തെ അപ്പസ്തോലിക പ്രബോധനമാണ് 'സ്നേഹത്തിന്റെ ആനന്ദം' (*Amoris laetitia*). കുടുംബബന്ധത്തെക്കുറിച്ചുള്ള ആഴമായ പഠനമാണ് ഇതിന്റെ ഉള്ളടക്കം. ഇത് 2014-2015 വർഷങ്ങളിൽ നടന്ന കുടുംബ സിനഡിന്റെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന ഒരു പ്രമാണ രേഖയാണ്.

2018 മാർച്ച് 19-ന് ഫ്രാൻസിസ് മാർപാപ്പ പുറത്തിറക്കിയ 'സന്തോഷിച്ചാനന്ദിക്കുക' (*Gaudete et exsultate*) എന്ന അപ്പസ്തോലിക പ്രബോധനം നമ്മുടെ കാലഘട്ടത്തിൽ എങ്ങനെ വിശുദ്ധിയിൽ ജീവിക്കാൻ ഒരു ക്രിസ്തീയ വിശ്വാസിക്ക് സാധിക്കും എന്ന ചിന്തയാണ് പങ്കു വയ്ക്കുന്നത്. യേശുവിന്റെ സുവിശേഷ സത്യങ്ങളിൽ പ്രത്യേകിച്ചും അഷ്ടസൗഭാഗ്യങ്ങളിൽ അധിഷ്ഠിതമാണ് ഓരോ വിശ്വാസിയുടെയും വിശുദ്ധിയിലേക്കുള്ള വിളി എന്ന് ഇതിൽ മാർപാപ്പ എടുത്തു പറയുന്നു. 2020 ഒക്ടോബർ നാലിനാണ് ഫ്രാൻസിസ് മാർപാപ്പയുടെ 'എല്ലാവരും സോദരർ' (*Fratelli tutti*) എന്ന ചാക്രിക ലേഖനം പ്രസിദ്ധീകൃതമായത്. വി. ഫ്രാൻസിസ് അസ്സീസിയുടെ വാചകങ്ങൾ കടമെടുത്തുകൊണ്ട് സർവ്വ സഹോദര്യത്തിനായുള്ള ഒരു ആഹ്വാനമാണ് മാർപാപ്പ ഈ ചാക്രിക ലേഖനത്തിൽ നടത്തുന്നത്. 2024-ൽ പ്രസിദ്ധീകരിച്ച 'അവിടുന്ന് നമ്മെ സ്നേഹിച്ചു' (*Dilexit nos*) എന്ന മാർപാപ്പയുടെ അവസാന ചാക്രിക ലേഖനത്തിൽ ദൈവസ്നേഹം, കൃപ തുടങ്ങിയ വിഷയങ്ങളും ഭൗതിക സമ്പത്തിനുപരി ആത്മീയ സമർപ്പണത്തിനു പ്രാധാന്യം കൊടുക്കേണ്ടതിന്റെ ആവശ്യകതയും മാർപാപ്പ എടുത്തു പറയുന്നു.

2020-ൽ ബ്രസീലിലെ ആമസോൺ പ്രദേശങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു 'പ്രിയപ്പെട്ട ആമസോൺ' (*Querida Amazonia*) എന്ന



പേരിൽ ഒരു സിനഡാനന്തര പ്രബോധന രേഖയും പ്രസിദ്ധീകരിച്ചു. പരിസ്ഥിതി പ്രശ്നങ്ങൾ, അവിടുത്തെ പരമ്പരാഗത ജനത അഭിമുഖീ കരിക്കുന്ന വലിയ വെല്ലുവിളികൾ എല്ലാം മാർപാപ്പ ഈ പ്രബോധനത്തിലൂടെ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. വി. കൊച്ചുത്രേസ്യ പുണ്യവതി യുടെ ജനനത്തിന്റെ നൂറ്റമ്പതാം വർഷം ആചരിച്ച പ്പോൾ 2023-ൽ ക്രിസ്തീയ ജീവിതത്തിൽ സ്നേഹവും പ്രത്യാശയും ഈ പുണ്യവതി ജീവിച്ച 'ചെറിയ മാർഗ്ഗം' അവലംബിച്ചു എങ്ങനെ നടപ്പാക്കാം എന്ന് മാർപാപ്പ 'ഇതാണ് പ്രതീക്ഷ' (*C'est la Confiance*) എന്ന പ്രബോധനത്തിലൂടെ നമ്മെ പഠിപ്പിച്ചു.

ചരിത്രത്തിൽ ആദ്യമായി യൗസേപ്പിതാവി നായി ഒരു വർഷം സമർപ്പിച്ചു സഭയൊന്നാകെ പ്രാർത്ഥിക്കാനുള്ള ആഹ്വാനം നല്കുന്നതും ഫ്രാൻസിസ് പാപ്പയാണ്. 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം 'യൗസേപ്പിന്റെ വർഷം' എന്ന് 'പിതാവിന്റെ ഹൃദയത്തോടെ' (*Patris corde*) എന്ന അപ്പസ്തോലിക എഴുത്തിലൂടെ മാർപാപ്പ പ്രഖ്യാപിച്ചു. ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ 2007-ൽ 'സുമ്മും പൊന്തിഫിക്കും'



എന്ന 'മോത്തു പ്രോപ്രിയോ'യിലൂടെ 1662-ലെ റോമൻ മിസ്സൽ അനുസരിച്ചു പരമ്പരാഗത ലത്തീൻ കുർബാന ചൊല്ലുന്നതിനുള്ള അനു വാദം നല്കിയിരുന്നു. 2021 ജൂലൈ 16-ന് 'ട്രഡിസിയോണിസ് കുസ്തോദസ്' എന്ന മറ്റൊരു 'മോത്തു പ്രോപ്രിയോ'യിലൂടെ അതിൽ കാത ലായ ചില മാറ്റങ്ങൾ ഫ്രാൻസിസ് മാർപാപ്പ വരുത്തി.

വൈദികവൃത്തി സ്ഥാനമാനങ്ങൾക്കുള്ള ഒരു വിളിയല്ല ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിക്കാനുള്ള ഒരു സമർപ്പണമാണ് എന്ന ചിന്ത ഫ്രാൻസിസ് മാർപാപ്പ പലപ്പോഴും പങ്കുവച്ചിട്ടുണ്ട്. 2014-ൽ ഇനിയും ഒഴിവാ ക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമേ വൈദികർ ഉപയോഗിക്കുന്ന ആലങ്കാരിക പദവിയായ 'മോൺസിഞ്ഞോർ' നല്കുകയുള്ളു എന്ന് മാർപാപ്പ പ്രഖ്യാപിച്ചു. രൂപതയിലെ വൈദികർക്ക് ഇത് അറുപത്തഞ്ചു വയസ്സിന് ശേഷമേ കൊടുക്കുകയുള്ളു എന്നും മാർപാപ്പ പറഞ്ഞു. ബ്യൂനസ് ഐറിസ് ആർച്ചുബിഷ പ്പായിരുന്ന പതിനഞ്ചു വർഷക്കാലം തന്റെ രൂപതയിലെ ഒരു വൈദികനും ഇത്തരം ഒരു സ്ഥാനം നൽകുന്നതിനായി അദ്ദേഹം റോമിലേക്ക് എഴുതുകയും ചെയ്തിട്ടില്ല. റോമൻ കൂരിയായിൽ സേവനം അനുഷ്ഠിക്കുന്നവർക്കും നയതന്ത്ര ജോലിയിലുള്ള വൈദികർക്കും അവരുടെ സേവനത്തിന്റെ ഭാഗമായി ഇത്തരം സ്ഥാനങ്ങൾ നൽകുന്നതിന് തടസ്സമില്ല.

ഫ്രാൻസിസ് മാർപാപ്പയുടെ ഭരണകാലത്തെ പ്രധാനപ്പെട്ട ആഘോഷങ്ങളിൽ ഒന്നായിരുന്നു കരുണയുടെ വർഷാചരണം. 'കരുണയുടെ മുഖം' (*Misericordiae Vultus*) എന്ന പേപ്പൽ ബൂളാ പ്രസിദ്ധം ചെയ്തുകൊണ്ട് 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ ദൈവകരുണയുടെ അസാധാരണ വർഷമായി സഭയിലുടനീളം ആചരിക്കണമെന്ന് മാർപാപ്പ ആവശ്യപ്പെട്ടു. വത്തിക്കാനിലെ മേജർ ബസിലിക്കകൾ കൂടാതെ ലോകമാസകലമുള്ള കത്തീഡ്രൽ ദേവാലയ ങ്ങളിലും തിരഞ്ഞെടുത്ത മറ്റു ചില ദേവാ ലയങ്ങളിലും പ്രത്യേക കരുണാകവാടങ്ങൾ ഈ സമയത്തു തുറന്നു. ഈ കരുണയുടെ വാതി ലുകളിൽകൂടി അനുതാപത്തോടെയും ദൈവ കൃപയോടെയും കടന്നു പോകുന്നവർക്ക് പ്രത്യേക ദണ്ഡവിമോചനങ്ങളും സഭ വാഗ്ദാനം ചെയ്തു. 'കരുണയുടെ മിഷനറിമാർ' എന്ന്

www.malankaralibrary.com





നാമകരണം ചെയ്തു ആ വർഷത്തെ നോമ്പു കാലത്ത് തിരുസിംഹാസനത്തിന്റെ അപ്പസ്തോലിക പെനിറ്റെൻഷ്യറിക്ക് മാത്രം മോചനാധികാരമുണ്ടായിരുന്ന ചില പാപങ്ങൾ ഉൾപ്പെടെ മോചിക്കാനുള്ള അധികാരം നല്കി വൈദികരെയും നിയോഗിച്ചു.

കോവിഡ്-19 മഹാമാരിയുടെ കാലയളവിൽ ലോകത്തിന് മുഴുവൻ ആത്മീയ വെളിച്ചം പകർന്നു നൽകിയ നേതൃത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടേത്. മാർപാപ്പയുടെ ബുധനാഴ്ചത്തെ ജനങ്ങളുമായുള്ള കൂടിക്കാഴ്ച ഉൾപ്പെടെയുള്ള കൂടിവരവുകൾ നിർത്തലാക്കി. അധികാരികളുടെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും വിശ്വാസികളോട് മാർപാപ്പ ആഹ്വാനം ചെയ്തു. വൈദികരോട് രോഗികളെയും ആരോഗ്യപ്രവർത്തകരെയും ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും മാർപാപ്പ ആഹ്വാനം ചെയ്തു. പാവങ്ങളെ ഈ പ്രതിസന്ധി ഘട്ടത്തിൽ ഒരുകാരണവശാലും മറക്കരുതെന്നും മാർപാപ്പ എല്ലാവരെയും അനുസ്മരിപ്പിച്ചു. ആ വർഷത്തെ 'ഊർബി എത് ഓർബി' പ്രസംഗത്തിൽ മാർപാപ്പ ഇപ്രകാരം പറഞ്ഞു: 'കടുത്ത അന്ധകാരം നമ്മുടെ ചത്വരങ്ങളിലും പാതയോരങ്ങളിലും നഗരങ്ങളിലും പടർന്നിരിക്കുന്നു. ഈ മഹാമാരി നമ്മുടെ ജീവിതങ്ങളെ പേടിപ്പെടുത്തുന്ന നിശബ്ദതയിലേക്കും ഏകാന്തമായ ശൂന്യതയിലേക്കും നയിച്ച് എല്ലാറ്റിനെയും തളർത്തിക്കളയുന്നു... ഈ സഹനത്തിന്റെ മുഖത്തിൽ ജനങ്ങളുടെ ശരിയായ വളർച്ചയുടെ അളവുകോൽ യേശുവിന്റെ പൗരോഹിത്യ പ്രാർത്ഥനയിൽ നാം കാണുന്നു:'എല്ലാവരും ഒന്നാവുക".

കോവിഡ്-19 പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് ചില കോണുകളിൽ നിന്ന് എതിർപ്പുകൾ ഉയർന്നിരുന്നു. എന്നാൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കുക എന്നത് ഒരു ധാർമ്മിക ഉത്തരവാദിത്വമാണെന്ന് മാർപാപ്പ പ്രസ്താവിച്ചു. കാരണം നമ്മുടെയും നമ്മുടെ ചുറ്റിലുള്ളവരുടെയും ആരോഗ്യസംരക്ഷണം നമ്മുടെ ധാർമ്മികതയുടെ ഭാഗമാണ്. റഷ്യയുടെ യുക്രേനിയൻ അധിനിവേശത്തിനെതിരെ മാർപാപ്പ ശക്തമായ ഭാഷയിൽ പ്രതികരിച്ചു. റോമിലെ റഷ്യൻ എംബസ്സി സന്ദർശിച്ചു യുദ്ധത്തിനെതിരെയുള്ള തന്റെ മനോഭാവം മാർപാപ്പ പ്രകടിപ്പിച്ചു. തങ്ങളുടെ പക്കലുള്ള 'ആയുധങ്ങളെ നിശബ്ദമാക്കാൻ' തന്റെ ത്രികാലജപ പ്രാർത്ഥനയിൽ മാർപാപ്പ യുദ്ധത്തിലായിരിക്കുന്നവരോട് ആഹ്വാനം ചെയ്തു. യുദ്ധം തുടങ്ങി അധികനാൾ കഴിയുന്നതിന് മുൻപ് രണ്ടു മുതിർന്ന കർദിനാളന്മാരെ സഹായങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് മാർപാപ്പ ഉക്രയിനിലേക്ക് അയച്ചു.

മാർപാപ്പ സ്ഥാനം ഏറ്റെടുത്തതുമുതൽ ലോകത്തിലെ വിവിധ രാജ്യങ്ങൾ സന്ദർശിക്കാനും തന്റെ ജനത്തിന്റെ വിഷമതകളും പ്രയാസങ്ങളും നേരിട്ട് കാണാനും ആത്മീയമായി അവരെ ശക്തിപ്പെടുത്താനും ഫ്രാൻസിസ് മാർപാപ്പ ശ്രദ്ധിച്ചു. 2013-ലെ ലോക യുവജന സമ്മേളനത്തിൽ സംബന്ധിക്കാനായി ബ്രസീലിലെ റിയോ ഡി ജെനേറോ സന്ദർശിച്ചതാണ് ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യത്തെ ഔദ്യോഗിക വിദേശ സന്ദർശനം. കോപകബാന കടൽത്തീരത്തു അദ്ദേഹത്തിന്റെ കുർബാനയിൽ സംബന്ധിക്കാനായി മുപ്പത്തഞ്ചു ലക്ഷം വിശ്വാസികളാണ് എത്തിയത്. 'ഭാഗിക ക്രിസ്ത്യാനികൾ' ആകാതെ 'മുഴുവൻ സമയ ക്രിസ്ത്യാനികൾ' ആകാൻ മാർപാപ്പ ഇവിടുത്തെ യുവജനങ്ങളെ ആഹ്വാനം ചെയ്തു.



2014 മെയ് മാസം 24 മുതൽ 26 വരെയുള്ള തീയതികളിൽ ഫ്രാൻസിസ് മാർപാപ്പ ഇസ്രായേൽ, യോർദാൻ, രാജ്യങ്ങളും പലസ്തീൻ പ്രദേശങ്ങളും സന്ദർശിച്ചു. അതേവർഷം ഓഗസ്റ്റ് മാസത്തിൽ ദക്ഷിണ കൊറിയ സന്ദർശിക്കുകയും ചെയ്തു. കൊറിയൻ സമാധാനത്തിന് വേണ്ടി മാർപാപ്പ പ്രാർത്ഥിക്കുകയും 124 കൊറിയൻ രക്തസാക്ഷികളെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുകയും ചെയ്തു. 2015 ജനുവരി മാസത്തിൽ ശ്രീലങ്കയും ഫിലിപ്പീൻസും മാർപാപ്പ സന്ദർശിച്ചു. തദവസരത്തിൽ അറുപത്-എഴുപത് ലക്ഷം ആളുകളാണ് അദ്ദേഹത്തിന്റെ മനിലയിലെ വിശുദ്ധ കുർബാനയിൽ സംബന്ധിച്ചത്.

മാർപാപ്പ അമേരിക്ക, ആഫ്രിക്ക, ഏഷ്യൻ വൻകരകളിലെ പല രാജ്യങ്ങളും സന്ദർശിച്ചുവെങ്കിലും 2019 ഫെബ്രുവരി മാസത്തിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ് സന്ദർശിച്ചത് വളരെ വാർത്താ പ്രാധാന്യമുള്ളതായിരുന്നു. അറേബ്യൻ ഉപദ്വീപിലേക്കുള്ള ഒരു മാർപാപ്പയുടെ ആദ്യ സന്ദർശനമായിരുന്നു ഇത്. ഇവിടെവച്ചു മനുഷ്യ സാഹോദര്യത്തിനും ലോകസമാധാനത്തിനും ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു ഡോക്യുമെന്റ് മുസ്ലിം നേതാക്കന്മാരുമായി ചേർന്ന് മാർപാപ്പ ഒപ്പിട്ടു. രണ്ടായിരം വർഷത്തെ ക്രിസ്തീയ ചരിത്രം നിലനില്ക്കുന്ന അബ്രഹാമിന്റെ ജന്മനാട് നിലനിൽക്കുന്ന ഇറാഖിലേക്ക് ചരിത്രപ്രസിദ്ധമായ ഒരു സന്ദർശനം 2021 മാർച്ച് മാസത്തിൽ ഫ്രാൻസിസ് മാർപാപ്പ നടത്തി. ഇറാക്ക് സന്ദർശിച്ച ആദ്യ മാർപാപ്പ എന്ന നിലയിൽ പീഡനമനുഭവിക്കുന്ന ക്രിസ്തീയ സമൂഹത്തിനു വലിയ ആശ്വാസമേകുന്നതായിരുന്നു മാർപാപ്പയുടെ സന്ദർശനം.

2021 ഒക്ടോബർ 30-ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി വത്തിക്കാനിലെത്തി മാർപാപ്പയെ വ്യക്തിപരമായി കാണുകയും ഈ അവസരത്തിൽ

www.malankaralibrary.com



ഭാരത സന്ദർശനത്തിനായി മാർപാപ്പയെ ക്ഷണിക്കുകയും ചെയ്തു. മാർപാപ്പ ഇന്ത്യൻ പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ചതായി വത്തിക്കാൻ ഔദ്യോഗികമായി വാർത്താക്കുറിപ്പിലൂടെ അറിയിക്കുകയും ചെയ്തു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാലും മറ്റു ചില സാങ്കേതിക തടസ്സങ്ങൾ കാരണവും ഈ ആഗ്രഹം മാർപാപ്പയ്ക്ക് സഫലീകരിക്കുന്നതിന് സാധിച്ചില്ല.

ആരോഗ്യപരമായ കാരണങ്ങളാൽ ആഫ്രിക്കയിലെ കോംഗോ റിപ്പബ്ലിക്കിലേക്കും തെക്കൻ സുഡാനിലേക്കും നടത്താനിരുന്ന അപ്പസ്തോലിക സന്ദർശനങ്ങൾ മാർപാപ്പ ആദ്യം റദ്ദാക്കിയെങ്കിലും പിന്നീട് 2023-ൽ ആരോഗ്യ വെല്ലുവിളികളെ അവഗണിച്ചു അദ്ദേഹംവിജയകരമായി കഴിയേണ്ടി വന്നപ്പോൾ സഭാവിശ്വാസികൾ ഒന്നടങ്കം മാർപാപ്പയ്ക്ക് വേണ്ടി പ്രാർത്ഥനകൾ അർപ്പിച്ചു. മാർപാപ്പയുടെ തോളിനും കാലിനുമുള്ള വേദന, ശ്വാസകോശ സംബന്ധമായ രോഗം, മുതലായവ അദ്ദേഹത്തിന്റെ ശരീരബലത്തെ ഇല്ലാതാക്കിയെങ്കിലും ആത്മബലം ഒരു നിമിഷം പോലും അദ്ദേഹത്തിൽ നിന്നും അകന്നുപോയില്ല. 2025-ന്റെ തുടക്കത്തിൽ ഗുരുതര ശ്വാസകോശ വ്യാപനം അദ്ദേഹത്തെ അഞ്ചാഴ്ചയോളം ആശുപത്രിയിൽ കിടത്തി.

കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലം പത്രോസിന്റെ സിംഹാസനത്തിൽ ഇരുന്ന് സഭയെ വിജയകരമായി നയിച്ച ഫ്രാൻസിസ് മാർപാപ്പ തന്റെ എൺപത്തെട്ടാമത്തെ വയസ്സിൽ 2025




പൂർത്തിയാക്കി. പാവങ്ങളോടുള്ള കരുതൽ, ആയുധക്കച്ചവടത്തിന്റെ അപകടങ്ങൾ, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അനുരഞ്ജനത്തിലേക്ക് വരേണ്ടതിന്റെ ആവശ്യകത എന്നിവ ഈ അവസരത്തിൽ മാർപാപ്പ എടുത്തു പറഞ്ഞു. കസാഖിസ്ഥാൻ, കാനഡ, ഹങ്കറി, മംഗോളിയ തുടങ്ങിയ രാജ്യങ്ങളും മാർപാപ്പ സന്ദർശിക്കുകയും അവിടെയെല്ലാം അതുവഴിയായി വലിയ മാറ്റങ്ങൾ സംജാതമാവുകയും ചെയ്തു.

ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതത്തിന്റെ അവസാന മാസങ്ങൾ രോഗബാധിതനായി അദ്ദേഹം റോമിലെ ജെമെല്ലി ആശുപത്രിയിൽ ഏപ്രിൽ 21-ന് കാലം ചെയ്തു. മരിക്കുന്നതിന്റെ മണിക്കൂറുകൾ മുൻപ് വരെ അദ്ദേഹം കർമ്മനിരതനായിരുന്നു എന്ന കാര്യം ലോകം അത്ഭുതത്തോടെ വീക്ഷിച്ചു. മാർപാപ്പ കാലം ചെയ്യുന്നതിന് മണിക്കൂറുകൾക്ക് മുൻപ് പൊതുസ്ഥലത്തു പ്രത്യക്ഷപ്പെട്ടു ഈസ്റ്റർ ഞായറാഴ്ച തന്റെ ജനത്തെ ആശീർവദിച്ചത് ലോകം മുഴുവൻ ദർശിച്ചുവെങ്കിലും അത് ഒരു യാത്രചോദിക്കൽ ആയിരിക്കുമെന്ന് ആരും തന്നെ കരുതിയില്ല. എന്നാൽ ക്രിസ്തീയ വിശ്വാസത്തിലെ മർമ്മപ്രധാന തിരുനാളിൽ മരണത്തിന്റെ മേൽ വിജയം വരിച്ച കർത്താവിന്റെ ഉയിർപ്പും കൊണ്ടാടി തന്റെ



നിത്യസമ്മാനത്തിനായി കടന്നുപോകുന്നതിനേക്കാൾ വലിയ ഭാഗ്യം എന്താണ്!

ഈസ്റ്റർ തിങ്കളാഴ്ച രാവിലെ 7:35-നാണ് ഫ്രാൻസിസ് മാർപാപ്പ വിടവാങ്ങിയത്. രാത്രിയിൽ മാർപാപ്പക്ക് പക്ഷാഘാതം ഉണ്ടായപ്പോൾ ഉടനടി വൈദ്യസഹായം ലഭ്യമാക്കിയെങ്കിലും അദ്ദേഹത്തിന്റെ സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ സാന്നിധ്യത്തിൽ പ്രാർത്ഥനാ മന്ത്രങ്ങളുടെ അകമ്പടിയോടെയാണ് അദ്ദേഹം തന്റെ നിത്യസമ്മാനത്തിനായി കടന്നു പോയത്. മാർപാപ്പയുടെ കിടക്കയ്ക്കരികിൽ സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു വാക്യം അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെയും എളിമയുടെയും നേർസാക്ഷ്യമായി. 'കർത്താവേ, പാപിയായ എന്നിൽ കണിയണമേ!' (*Signore, abbi pietà di me, peccatore*.)

സഭാചരിത്രത്തിലെ പത്രോസുൾപ്പെടെയുള്ള ഭൂരിപക്ഷം മാർപാപ്പാമാരുടെയും അന്ത്യവിശ്രമസ്ഥലമായ വി. പത്രോസിന്റെ ബസിലിക്കായ്ക്ക് പകരം മാതാവിന്റെ നാമത്തിലുള്ള മരിയ മജോറെ ബസിലിക്കയിലാണ് ഫ്രാൻസിസ് മാർപാപ്പയുടെ ആഗ്രഹ പ്രകാരം അദ്ദേഹത്തെ കബറടക്കുന്നത്. തന്റെ എല്ലാ അപ്പസ്തോലിക സന്ദർശനങ്ങൾക്ക് മുൻപും അതിന് ശേഷവും പരിശുദ്ധ പിതാവ് ഇവിടെയെത്തി പ്രാത്ഥിച്ചിരുന്നു. വേദനിക്കുന്നവരുടെ നിത്യസാമീപ്യമായ പരിശുദ്ധ മറിയത്തോടോത്ത് ക്രിസ്തുവിൽ വലയം പ്രാപിക്കാൻ ഫ്രാൻസിസ് മാർപാപ്പ അഭിലഷിച്ചു. തന്റെ എളിയ വാക്കുകളിലൂടെയും അപ്രതീക്ഷിത ഫോൺ വിളികളിലൂടെയും തടവുകാരുടെയും അഭയാർത്ഥികളുടെയും കണ്ണീർ ഒപ്പിയതും, വേദനയിലും പുഞ്ചിരിയോടെ അനേകർക്ക് സമീപസ്ഥമായിരുന്നതും അനേകരെ പ്രചോദിപ്പിക്കും എന്നതിൽ സംശയമില്ല. ഒരു സഹോദരൻ, പിതാവ്, കരുണയുടെ ഇടയൻ എന്ന നിലകളിലെല്ലാം ലോക ജനതയുടെ ഹൃദയത്തിൽ അദ്ദേഹത്തിന്റെ ഓർമ്മകൾ നിത്യമായി നിലനിൽക്കും.



www.malankaralibrary.com



# സഭയുടെ വലിയ ഇടയൻ
## മാർപാപ്പമാരുടെ ചരിത്രവും തെരഞ്ഞെടുപ്പും

**റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**

ഇന്ന് ലോകത്തിൽ കാണപ്പെടുന്ന അധികാരസ്ഥാനങ്ങളിൽ (Institutions) മാർപാപ്പ സ്ഥാനത്തോളം ചരിത്രപരമായി സ്വാധീനവും ആത്മീയ പ്രാധാന്യവുമുള്ള വേറൊന്നില്ല. നൂറ്റിനാല്പത് കോടിയോളം അംഗസംഖ്യയുള്ള ആഗോള കത്തോലിക്കാ സഭയുടെ ആത്മീയ ആചാര്യൻ മാത്രമല്ല, ലോകത്തിന്റെ ധാർമ്മിക ശബ്ദവും ഐക്യത്തിന്റെ അടയാളവുമായി മാർപാപ്പ അനേകരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു പത്രോസ് ശ്ലീഹായെ ഭരമേല്പിച്ച അജപാലന ദൗത്യം പത്രോസിൽ ആരംഭിച്ചു പീഡനവും, അധികാര സ്ഥാനങ്ങളും, നവീകരണവുമൊക്കെ സംഭവിച്ചു ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയിൽ എത്തി നില്ക്കുന്നു. പുരാതന റോമായിലെ കാറ്റക്കോമ്പുകളിൽ നിന്നും പത്രോസിന്റെ ബസിലിക്കയിലെ ബാൽക്കണിയിൽ പ്രത്യക്ഷപ്പെടുന്ന ഈ സ്ഥാനം ചരിത്രത്തിന്റെയും വിശ്വാസത്തിന്റെയും രണ്ടു സഹസ്രാബ്ദ നാൾവഴികൾ താണ്ടി നമ്മുടെ മുമ്പിൽ സജീവമായി നിലനിൽക്കുന്നു.

മാർപാപ്പയുടെ ആത്മീയ അധികാരങ്ങളെക്കുറിച്ചു മിക്കവർക്കും അറിവുള്ളപ്പോഴും ആ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നിഗൂഢതകളോടെ കാണപ്പെടുന്നതിന് കാരണം ഇതിൽ അടങ്ങിയിരിക്കുന്ന അടയാളങ്ങളും പാരമ്പര്യങ്ങളും ആഘോഷങ്ങളും കൃത്യമായി മനസ്സിലാകാത്തതുകൊണ്ടാണ്. ഒരു മാർപാപ്പ കാലം ചെയ്യുമ്പോൾ ലോകത്തിന്റെ നയനങ്ങൾ വത്തിക്കാനിലേക്ക് തിരിയുകയും അവിടെ നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ചില പ്രക്രിയകൾക്ക് ആരംഭം കുറിക്കുകയും ചെയ്യുന്നു. ലോകമാസകലമുള്ള കർദിനാളന്മാർ പുതിയൊരു പാപ്പയെ തിരഞ്ഞെടുക്കാനായി മൈക്കലാഞ്ചലോയുടെ പ്രസിദ്ധമായ അന്ത്യവിധിയുടെ ചിത്രം ആലേഖനം ചെയ്തിരിക്കുന്ന സിസ്റ്റീൻ ചാപ്പലിൽ പ്രാർത്ഥനയോടെ ഒത്തുചേരുന്നു. ഇവിടെ അധികാരത്തിനായുള്ള മാനുഷിക ബലഹീനതകളെ അതിലംഘിക്കുന്ന ദൈവീക നടത്തിപ്പുകൾ അരങ്ങേറുന്നു. ആഗോളതലത്തിൽ അതിവേഗത്തിലുള്ള ആശയവിനിമയങ്ങളും വിവിധ തരത്തിലുള്ള വാർത്തകളും അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കുമ്പോഴും മാർപാപ്പ തിരഞ്ഞെടുപ്പ് കത്തോലിക്കാ വിശ്വാസികളുടെ ജീവിതത്തിലെ ഏറ്റവും ഗൗരവമേറിയതും പ്രാർത്ഥനാപൂർവ്വവുമായ പ്രവൃത്തികളിൽ ഒന്നാണ്-പാരമ്പര്യത്തിന്റെ മനോഹാരിതയും പരിശുദ്ധാത്മാവിന്റെ നിവേശനവും സംഗമിക്കുന്ന ഒരു പവിത്രകർമ്മ വേദി. ഈ ലേഖനത്തിൽ മാർപാപ്പ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാന ചില വിവരങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാനാണ് ശ്രമിയ്ക്കുന്നത്.

**അണമുറിയാത്ത നേതൃത്വം**

കത്തോലിക്കാ സഭയുടെ ചരിത്രം രണ്ടു സഹസ്രാബ്ദത്തോളം അണമുറിയാതെ സഭയെ നയിച്ച മാർപാപ്പമാരുടെ ചരിത്രവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അപ്പസ്തോല സംഘത്തിന്റെ തലവനെന്ന നിലയിൽ പത്രോസ് ശ്ലീഹായ്ക്ക് ലഭിച്ച അധികാരവകാശങ്ങൾ മാർപാപ്പമാരിലൂടെ ഇന്നും സഭയിൽ തുടരുന്നു. സഭയിലെ ആദ്യ നൂറ്റാണ്ടുകളിലെ മാർപാപ്പമാരുടെ ജീവിതത്തെക്കുറിച്ചു വിരളമായ ചരിത്രരേഖകൾ മാത്രമേ പിൻതലമുറയ്ക്ക് ലഭ്യമായിട്ടുള്ളൂ. അതിന്റെ പ്രധാന കാരണം റോമൻ സാമ്രാജ്യത്തിലെ നിയമവിരുദ്ധ മതമായി ക്രിസ്തീയ വിശ്വാസത്തെ കണ്ടിരുന്നുവെന്നതിനാൽ സഭയ്ക്ക് നേതൃത്വം നൽകിയവരുടെ ചരിത്രപരമായ രേഖകൾ സൂക്ഷിക്കുന്നതുപോലും അസാധ്യമായിരുന്നു.





'പോപ്പ്' എന്ന ആംഗലേയ പദം 'പാപ്പ' എന്ന ലത്തീൻ വാക്കിൽനിന്നും ഉത്ഭവിച്ചിരിക്കുന്നു. അതിന്റെ അർത്ഥം പിതാവ് എന്നാണ്. കത്തോലിക്കാ സഭാ തലവനായ മാർപാപ്പയെക്കൂടാതെ അലക്സാൻഡ്രിയായിലെ ഓർത്തഡോക്സ് പാത്രിയർക്കീസും ഈ ശീർഷകം ഉപയോഗിക്കുന്നുണ്ട്. മാർപാപ്പയുടെ വിവിധ കർത്തവ്യങ്ങൾക്കനുസരിച്ചു നിരവധി ശീർഷകങ്ങളും നല്കപ്പെട്ടിട്ടുണ്ട്. റോമിലെ ബിഷപ്പ്, ക്രിസ്തുവിന്റെ വികാരി, പ്രധാനാചാര്യൻ, ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ തുടങ്ങിയവ വളരെ പ്രസിദ്ധങ്ങളാണ്. ഇത് കൂടാതെ വത്തിക്കാൻ എന്ന ലോകത്തിലെ ഏറ്റവും ചെറിയ രാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിലും ചില വിശേഷ അധികാരങ്ങളും ശീർഷകങ്ങളും മാർപാപ്പയ്ക്കുണ്ട്.

**റോമിന്റെ പ്രാമുഖ്യവും മാർപാപ്പ സ്ഥാനവും**

സഭയുടെ അദ്ധ്യക്ഷനായ മാർപാപ്പയ്ക്ക് ക്രിസ്തീയ വിശ്വാസത്തിന്റെ ആരംഭ കാലം മുതൽ തന്നെ പ്രത്യേക സ്ഥാനമാണ് ഉണ്ടായിരുന്നത്. അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസ് (+108) റോമൻ സഭയുടെ പ്രത്യേക സ്ഥാനത്തെക്കുറിച്ചു സഭയുടെ ആരംഭ കാലത്തു തന്നെ എഴുതിയിട്ടുണ്ട്. റോമിലെ സഭക്കെഴുതിയ ലേഖനത്തിൽ 'റോമിന്റെ പ്രദേശങ്ങളിൽ പ്രഥമ സ്ഥാനത്തുള്ള സഭ' എന്നാണ് അദ്ദേഹം റോമൻ സഭയെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. പത്രോസിന്റെയും പൗലോസിന്റെയും പാദസ്പർശത്താൽ പാവനമാക്കപ്പെട്ട പ്രദേശമെന്നതുപോലെ ക്രിസ്തീയ വിശ്വാസത്തിലെ ആദ്യനൂറ്റാണ്ടുകളിലെ അനേകം രക്തസാക്ഷികളുടെ ചുടുനിണം വീണ പുണ്യഭൂമിയുമാണ് റോമാ നഗരം. കൂടാതെ റോമൻ സാമ്രാജ്യത്തിന്റെ സിരാകേന്ദ്രമെന്ന നിലയിൽ വലിയ രാഷ്ട്രീയ പ്രാധ്യാന്യം ഉണ്ടായിരുന്ന നഗരം കൂടിയായിരുന്നു ഇത്.

സഭയുടെ ആരംഭ നൂറ്റാണ്ടുകളിൽ വിശ്വാസപരവും ഭരണപരവുമായ തർക്കങ്ങൾ ഉണ്ടായപ്പോൾ അത് പരിഹരിക്കുന്നതിനുള്ള അവസാന വാക്കായിരുന്നു മാർപാപ്പ. ജ്ഞാനവാദം (Gnosticism) ക്രിസ്തുവിന്റെ മനുഷ്യത്വത്തെ നിഷേധിച്ചുകൊണ്ട് അപ്പസ്തോലിക കാലഘട്ടത്തിൽ തന്നെ ഉദയം ചെയ്തപ്പോൾ അതിന് അന്തിമ അഭിപ്രായം രേഖപ്പെടുത്തി അതിനെ തള്ളിക്കളഞ്ഞത് റോമൻ സഭയാണ്. മഹാനായ ലിയോ മാർപാപ്പയുടെ ഭരണകാലമായപ്പോഴേക്കും (440-61) മാർപാപ്പമാരുടെ സഭയിലെ പ്രഥമസ്ഥാനം കൂടുതൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. "വി. പത്രോസ് തന്റെ പിൻഗാമി



കളായ മാർപാപ്പമാരിലൂടെ ഇന്നും" സംസാരിക്കുന്നു എന്ന് പ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ ലിയോ മാർപാപ്പ മറ്റുള്ളവരെ ഓർമ്മിപ്പിച്ചിരുന്നു.

എ. ഡി. 1054-ലെ കിഴക്ക്-പടിഞ്ഞാറ് ശീശ്മയ്ക്ക് ശേഷം പേപ്പസിക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) മാർപാപ്പയുടെ അധികാരാവകാശങ്ങൾ ബിഷപ്പുമാരുമായി യോജിച്ചു നടപ്പാക്കുന്ന രീതിയിലാണ് നിർവചിച്ചിരിക്കുന്നത്. സഭയുടെ ഐക്യത്തിന്റെ അടയാളമായിട്ടാണ് മാർപാപ്പ സ്ഥാനവും മാർപാപ്പയുടെ ദൗത്യവും കൗൺസിൽ വിശദീകരിക്കുന്നത്. മാർപാപ്പയുടെ സർവപ്രമുഖത ഐക്യത്തിനുവേണ്ടിയുള്ള വിളിയാണ്. സഭയുടെ ആരംഭ ദശകങ്ങളിൽ റോമിലെ വൈദികരും വിശ്വാസികളും ചേർന്നാണ് മാർപാപ്പമാരെ തിരഞ്ഞെടുത്തിരുന്നത്. അതുകൊണ്ട് ഇന്നും മാർപാപ്പയുടെ പ്രധാന ഉത്തരവാദിത്വങ്ങളിൽ പെടുന്നതാണ് റോമൻ രൂപതയുടെ ഭരണം.

**മാർപാപ്പയുടെ തിരഞ്ഞെടുപ്പ്**

രണ്ടു സഹസ്രാബ്ദങ്ങളായി വലിയ മാറ്റങ്ങൾക്ക് വിധേയമായി ഇന്നും സജീവമായി നിലനിൽക്കുന്ന ഒരു തിരഞ്ഞെടുപ്പ് പ്രക്രിയയാണ് മാർപാപ്പമാരുടേത്. ഇന്ന് മാർപാപ്പമാരെ തിരഞ്ഞെടുക്കുന്നത് കർദിനാളന്മാർ ഒരുമിച്ചുകൂടി നടത്തുന്ന പേപ്പൽ കോൺക്ലേവിലൂടെ ആണ്. ഇത്തരത്തിലുള്ള ഒരു നാമം ലഭിക്കുന്നത് എ.ഡി. 1274-ൽ ഗ്രിഗറി പത്താമൻ മാർപാപ്പ രണ്ടാം ലിയോൺസ് കൗൺസിലിൽ കർദിനാളന്മാർ ഒരുമിച്ചു കൂടി തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ പുറത്തുപോകാതെ അടച്ചിട്ട സ്ഥലത്തു ആയിരിക്കണമെന്ന് നിയമം ഉണ്ടാക്കുന്നതോടെയാണ്. 'കും ക്ലാവേ' (with a key) എന്നപ്രയോഗത്തിൽ നിന്നുമാണ് പിന്നീട് 'കോൺക്ലേവ്' എന്ന വാക്കിന്റെ ഉത്ഭവം. വത്തിക്കാൻ കൊട്ടാരത്തിനുള്ളിലെ സിസ്റ്റീൻ ചാപ്പലിൽ വച്ചാണ് മാർപാപ്പയുടെ തിരഞ്ഞെടുപ്പ് നടക്കുന്നത്.

മാർപാപ്പ തിരഞ്ഞെടുപ്പ് ചരിത്രം നമ്മോട് പറയുന്നത് കാലാനുസൃത മാറ്റങ്ങൾക്ക് വിധേയമായി നടത്തിയ വിവിധ നിയമ നിർമ്മാണങ്ങളെക്കുറിച്ചാണ്. ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ എ. ഡി. 1621-ൽ മാർപാപ്പയെ തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള കർദിനാളന്മാരുടെ മൂന്നിൽ രണ്ടു വോട്ട് ലഭിക്കണമെന്ന നിയമം കൊണ്ടുവന്നു. ഇത് രഹസ്യബാലറ്റ് മുഖാന്തിരം



www.malankaralibrary.com





നടത്തണമെന്ന നിയമവും ഈ അവസരത്തിൽ നിലവിൽ വന്നു.

**വിവിധ കാലങ്ങളിൽ ഉണ്ടായ നിയമങ്ങൾ**

എ.ഡി. 1899 വരെ മിക്കപ്പോഴും കർദിനാൾ സംഘത്തിൽ പ്രഭുക്കന്മാരും വൈദികരല്ലാത്ത സന്യാസികളും ഉൾപ്പെട്ടിരുന്നു. 1917-ലെ കാനൻ നിയമത്തിൽ എല്ലാ കർദിനാളന്മാരും വൈദികരായിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. 1962-മുതൽ ഇവരെല്ലാം തന്നെ ബിഷപ്പുമാരായിരുന്നു.



എന്നാൽ 1975 മുതൽ ചില പ്രത്യേക കാരണങ്ങളാൽ വൈദികരെയും കർദിനാൾ സംഘത്തിൽ ഉൾപ്പെടുത്താൻ തുടങ്ങി. ഇതോടൊപ്പം വി. പോൾ ആറാമൻ മാർപാപ്പ എൺപത് വയസ്സ് പൂർത്തിയായ കർദിനാളന്മാർക്ക് മാർപാപ്പ തെരെഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ സാധിക്കില്ല എന്ന നിയമവും കൊണ്ടുവന്നു. സിക്റ്റസ് ആറാമൻ മാർപാപ്പയാണ് 1587-ൽ കർദിനാളന്മാരുടെ എണ്ണം എഴുപതായി നിജപ്പെടുത്തിയത്. പിന്നീട് ഈ നിയമത്തിൽ പല മാറ്റങ്ങളും വന്നു. കർദിനാളന്മാരുടെ സംഖ്യ നൂറ്റിയിരുപതായി പോൾ ആറാമൻ മാർപാപ്പ ഉയർത്തി. ഇത് ഇന്നും താത്വികമായി നിലനിൽക്കുന്നുവെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമികൾ ചെറിയ വ്യത്യാസങ്ങൾ ഒക്കെ വരുത്തിയിട്ടുണ്ട്.

വളരെ അപരിചിതം എന്ന് ഇന്ന് തോന്നാവുന്ന പല നിയമങ്ങളും മാർപാപ്പാമാരുടെ തിരഞ്ഞെടുപ്പിന് പഴയ കാലങ്ങളിൽ നിലനിന്നിരുന്നു. അതിലൊന്നായിരുന്നു 769-ൽ സ്റ്റീഫൻ മൂന്നാമൻ മാർപാപ്പ ഒരു സിനഡിൽ പാസ്സാക്കിയ നിയമം. പുരോഹിതനോ, ഡീക്കനോ ആയ കർദിനാളിനെ മാത്രമേ മാർപാപ്പയായി തിരഞ്ഞെടുക്കാവൂ എന്നതായിരുന്നു അത്. ബിഷപ്പുമാർ ജീവിതകാലം മുഴുവൻ ഒരു രൂപതയുടെ അധ്യക്ഷനായിരിക്കണം എന്ന മറ്റൊരു പാരമ്പര്യത്തോട് ചേർന്ന് പോകുന്ന നിയമം നിലവിലുണ്ടായിരുന്നതിനാൽ റോമൻ രൂപതയുടെ ബിഷപ്പായി വരുന്നത് മറ്റൊരു രൂപതയുടെ ബിഷപ്പായിരിക്കരുത് എന്നതായിരുന്നു ഈ നിയമ നിർമ്മാണത്തിന്റെ പിന്നിലുണ്ടായിരുന്നത്. ഇക്കാരണത്താൽ കുറെ കാലത്തേയ്ക്ക് മാർപാപ്പ ആയവർ എല്ലാം തന്നെ ഡീക്കന്മാർ ആയിരുന്നു. എന്നാൽ വളരെ വിരളമായി ഇക്കാലത്തു ബിഷപ്പുമാർ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

1378-ൽ മാർപാപ്പ ആയ ഉർബൻ ആറാമൻ മാർപാപ്പയാണ് കർദിനാൾ സംഘത്തിന് പുറത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ട അവസാനത്തെ മാർപാപ്പ. 1513-ൽ മാർപാപ്പ ആയ ലിയോ പത്താമനാണ് അവസാനമായി ഈ സ്ഥാനത്തേയ്ക്ക് വരുന്ന ഡീക്കൻ മാത്രമായിരുന്ന കർദിനാൾ. അദ്ദേഹത്തിന്റെ പിൻഗാമി അഡ്രിയൻ ആറാമൻ കോൺക്ലേവിൽ സംബന്ധിക്കാതെ തിരഞ്ഞെടുക്കപ്പെട്ട അവസാനത്തെ മാർപ്പാപ്പയും.

സാധാരണയായി കേവല ഭൂരിപക്ഷം ലഭിക്കുന്നയാൾ മാർപാപ്പ ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിൽ എ. ഡി. 1179-ൽ മൂന്നാം ലാറ്ററൻ കൗൺസിലിൽ വച്ചാണ് മാർപാപ്പ ആയി തിരഞ്ഞെടുക്കപ്പെടുന്നതിന് മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്ന നിയമം വരുന്നത്. 1621-ന് ശേഷം കോൺക്ലേവിൽ സംബന്ധിക്കുന്ന കർദിനാളിനു തനിക്ക് തന്നെ മാർപാപ്പ ആകുന്നതിന് വേണ്ടി വോട്ട് ചെയ്യാൻ സാധിക്കില്ല എന്ന നിയമം വന്നു. 1945-ൽ പിയൂസ് പന്ത്രണ്ടാം മാർപാപ്പ നിയമത്തിൽ ചെറിയ ചില മാറ്റങ്ങൾ വരുത്തുകയും മാർപാപ്പ ആകുന്നതിന് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിനൊപ്പം ഒരു വോട്ട് കൂടി വേണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. എ.ഡി. 1996-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്ന നിയമത്തിൽ വീണ്ടും ചെറിയ ഭേദഗതികൾ വരുത്തി. മുപ്പത്തിമൂന്ന് -മുപ്പത്തിനാല് ബാലറ്റിന് ശേഷവും പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതിന് സാധിക്കാതെ വരുന്ന അവസ്ഥയിൽ വ്യക്തമായ

www.malankaralibrary.com





ഭൂരിപക്ഷമുള്ള ആളിനെ മാർപാപ്പ ആക്കാം എന്ന നിയമം വന്നു. 2007-ൽ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ മൂന്നിൽ രണ്ടു ഭൂരിപക്ഷം എന്ന നിയമം വീണ്ടും പുനഃസ്ഥാപിച്ചു.

ഇന്നത്തെ മാർപാപ്പ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമായിരിക്കുന്നത് 1996-ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിളംബരം ചെയ്ത 'ഊണിവേർസി ദോമിനിച്ചി ഗ്രേജിസ്' എന്ന അപ്പസ്തോലിക രേഖയാണ്. ഇതിൽ ചെറിയ ചില മാറ്റങ്ങൾ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ചു മാർപാപ്പ തിരഞ്ഞെടുപ്പിനുള്ള കോൺക്ലേവ് കാലയളവിൽ വത്തിക്കാൻ നഗരത്തിനുള്ളിലുള്ള സാന്താ മാർത്ത ഭനത്തിൽ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ കർദിനാളന്മാർ താമസിക്കണമെന്നതാണ്. എന്നാൽ വോട്ടെടുപ്പ് നടക്കുന്നത് സിസ്റ്റീൻ ചാപ്പലിൽ ആയിരിക്കും.

കർദിനാളന്മാരുടെ ഡീനിന് നിർണ്ണയായകമായ സ്ഥാനം മാർപാപ്പ തിരഞ്ഞെടുപ്പ് നടത്തിപ്പിൽ ഉണ്ട്. എൺപത് വയസ്സ് അദ്ദേഹത്തിന് പൂർത്തിയായി കോൺക്ലേവിൽ സംബന്ധിക്കാൻ സാധിക്കില്ലെങ്കിൽ വൈസ് ഡീൻ ചുമതലകൾ നിർവ്വഹിക്കും. അദ്ദേഹത്തിനും സമാന അവസ്ഥ ഉണ്ടാകുമ്പോൾ കർദിനാൾ ബിഷപ്പുമാരിൽ കോൺക്ലേവിൽ സംബന്ധിക്കുന്ന ഏറ്റം സീനിയറായ കർദിനാളിനായിരിക്കും ഈ ചുമതലകൾ. ഇപ്പോൾ കർദിനാൾ സംഘത്തിന്റെ ഡീനായിരിക്കുന്ന ഇറ്റാലിയൻ കർദിനാൾ ജൊവാന്നി ബാറ്റിസ്റ്ററേയും, വൈസ് ഡീനായിരിക്കുന്ന അർജന്റീനയിൽ നിന്നുള്ള കർദിനാൾ ലിയനാർഡോ സാന്ദ്രിയും എൺപത് വയസ്സ് കഴിഞ്ഞവരായതിനാൽ കർദിനാൾ ബിഷപ്പുമാരിൽ ഏറ്റവും സീനിയറായ ഇപ്പോഴത്തെ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയായ കർദിനാൾ പിയെത്രോ പരോളിനാണ് കോൺക്ലേവിൽ അധ്യക്ഷത വഹിക്കുന്നത്.

**തിരഞ്ഞെടുപ്പ് രീതികൾ**

മാർപാപ്പമാരെ തിരഞ്ഞെടുക്കുന്നതിന് കാലാകാലങ്ങളിൽ പല രീതികൾ നിലനിന്നിരുന്നതായി കാണാം. അഭിഗമ്യത (Accessus) എന്ന മാർഗ്ഗം കർദിനാളന്മാർക്ക് തങ്ങളുടെ അവസാനത്തെ വോട്ട് മൂന്നിൽ രണ്ടു ഭൂരിപക്ഷം കിട്ടുന്നതിന് വേണ്ടി ഏറ്റം കൂടുതൽ വോട്ട് കിട്ടിയ ആളിന് വേണ്ടി മാറ്റി കൊടുക്കുന്നതായിരുന്നു. പൊതുവായി എല്ലാവരും 'പരിശുദ്ധാത്മാവിൽ പ്രേരിതരായി' ഒരു സ്ഥാനാർത്ഥിയെ കൈയ്യടിച്ചു അംഗീകരിക്കുന്ന രീതിയും (Acclamation) നിലവിലുണ്ടായിരുന്നു. ഇത് ഒരു ബാലറ്റിലൂടെ അല്ലാതെ സംഭവിക്കുന്നതിനെ 'ആരാധന' (Adoration) എന്നും പറഞ്ഞിരുന്നു. 1621-ൽ മുകളിൽ പറഞ്ഞ എല്ലാ രീതികളും ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ നിർത്തലാക്കി. അനുരഞ്ജനത്തിലൂടെയുള്ള തിരഞ്ഞെടുപ്പ് (Compromise) നടന്നിരുന്നത് ഒരു സ്ഥാനാർഥിയെയും സാധാരണ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കാൻ പറ്റാത്ത അവസ്ഥ സംജാതമാകുമ്പോൾ കർദിനാളന്മാർ ഏകകണ്ഠമായി ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കുകയും അവരുടെ തീരുമാനം അംഗീകരിക്കുകയും ചെയ്യുന്ന രീതി ആയിരുന്നു. സൂക്ഷ്മപരിശോധന (Scrutiny) എന്ന് വിളിച്ചിരുന്നത് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പിനായിരുന്നു.

അനുരഞ്ജനത്തിലൂടെയുള്ള അവസാന തിരഞ്ഞെടുപ്പ് 1316-ൽ നടന്ന ജോൺ ഇരുപത്തിരണ്ടാമൻ മാർപാപ്പയുടേത് ആയിരുന്നു. പൊതുസമ്മതത്തോടെ കൈയ്യടിച്ചു പാസ്സാക്കിയ അവസാന തിരഞ്ഞെടുപ്പ് 1676-ൽ നടന്ന ഇന്നസെന്റ് പതിനൊന്നാമൻ മാർപാപ്പയുടേത് ആണ്. 1996-ലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുവെഴുത്ത് വഴി രഹസ്യ ബാലറ്റിലൂടെയുള്ള തിരഞ്ഞെടുപ്പ് മാത്രം ഇന്ന് അവശേഷിക്കുന്നു.

**മാർപാപ്പയുടെ മരണം**

ഒരു മാർപാപ്പയുടെ മരണം ഔദ്യോഗികമായി സാക്ഷിക്കുന്നത് കർദിനാൾ കാമർലിംഗോ ആണ്. (പരിശുദ്ധ സിംഹാസനത്തിന്റെ വസ്തുവകകളുടെയും വരുമാനത്തിന്റെയും നിയന്ത്രണം ഉള്ള കർദിനാളാണ് കാമർലിംഗോ). മാർപാപ്പയുടെ മരണവിവരം അറിയുന്ന കാമർലിംഗോ

www.malankaralibrary.com



അവിടെയെത്തി കാലം ചെയ്ത മാർപാപ്പയുടെ മാമോദീസ നാമം മൂന്ന് പ്രാവശ്യം വിളിക്കും. ഇക്കാര്യം നടക്കുമ്പോൾ മാർപാപ്പയുടെ ആരാധനാ കാര്യാലയ ചുമതലയുള്ള പ്രീഫെക്റ്റും, മാർപാപ്പയുടെ കിടപ്പുമുറിയുടെ ചുമതലയുള്ള ചാൻസലറും, മാർപാപ്പയുടെ സെക്രട്ടറിയും സന്നിഹിതരായിരിക്കണം. മരിച്ചെന്ന് ബോധ്യപ്പെട്ടതിനു ശേഷം കാമർലിംഗോ മാർപാപ്പയുടെ കൈയ്യിൽ നിന്നും 'മുക്കുവന്റെ മോതിരം' ഊരുന്നു. ഇതും മാർപാപ്പയുടെ ഔദ്യോഗിക മുദ്രയും (seal) പിന്നീട് കർദിനാളന്മാരുടെ സാന്നിധ്യത്തിൽ നശിപ്പിക്കുന്നു. ഇത് ചെയ്തിരുന്നത് മാർപാപ്പയുടെ മരണശേഷം ആരും ഇത് ഉപയോഗിച്ച് കള്ളത്തരങ്ങൾ കാണിക്കാതിരിക്കാൻ വേണ്ടി ആയിരുന്നു. ഇന്ന് ഈ പ്രവൃത്തി ഒരു മാർപാപ്പ ഭരണത്തിന്റെ അവസാനം കുറിക്കുന്ന പ്രതീകം മാത്രമാണ്. (ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തപ്പോൾ ഈ ചുമതല നിർവഹിക്കുന്നത് അയർലണ്ടിൽ ജനിച്ച അമേരിക്കൻ ബിഷപ്പും പിന്നീട് റോമൻ കൂരിയായിൽ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന കർദിനാൾ കെവിൻ ഫാരലാണ്.)

മാർപാപ്പ കാലം ചെയ്ത് നാല് മുതൽ ആറ് ദിവസത്തിനകം കബറടക്കം നടത്താനുള്ള ക്രമീകരണവും നടത്തണം. ഇത്രയും ദിവസം മാറ്റിവച്ചിരിക്കുന്നത് വിശ്വാസികൾക്കും മറ്റുള്ളവർക്കും ഭൗതീക ശരീരം കാണുന്നതിന് അവസരം ഒരുക്കുന്നതിനാണ്. അതുപോലെ തന്നെ അടുത്ത മാർപാപ്പയുടെ തിരഞ്ഞെടുപ്പിനായുള്ള കർദിനാളന്മാരുടെ കോൺക്ലേവ് വിളിച്ചു കൂട്ടുന്ന തീയതി നിശ്ചയിക്കുന്ന പ്രക്രിയയും ഈ അവസരത്തിൽ നടക്കുന്നു. സാധാരണ ഗതിയിൽ മാർപാപ്പ കാലം ചെയ്തു പതിനഞ്ചു ദിവസത്തിനകം വിളിച്ചുകൂട്ടണം എന്നാണ് നിയമം. എന്നാൽ ദൂര പ്രദേശങ്ങളിൽ നിന്നും വത്തിക്കാനിൽ കർദിനാളന്മാർ എത്തിച്ചേരുന്നതിനായി ഇത് ഇരുപത് ദിവസം വരെ ആക്കാവുന്നതാണ്.

മാർപാപ്പ ഇല്ലാതിരിക്കുന്ന കാലത്ത് (sede vacante) കർദിനാൾ സംഘത്തിന് ചില അധികാരങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. കർദിനാളന്മാരുടെ ഡീനാണ് ഈ സമയത്തെ കാര്യവിചാരിപ്പുകാരൻ. ആരോഗ്യപ്രശ്നങ്ങൾ ഇല്ലാത്ത എല്ലാ കർദിനാളന്മാരും മാർപാപ്പ തിരഞ്ഞെടുപ്പിന് മുൻപായി വത്തിക്കാനിൽ നടക്കുന്ന പൊതുവായ സമ്മേളനങ്ങളിൽ സംബന്ധിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ എൺപത് വയസ്സ് പൂർത്തിയായവർക്ക്, തീരുമാനങ്ങൾ എടുക്കുന്നതിനായി എന്തെങ്കിലും വോട്ടെടുപ്പ് വേണ്ടി വരികയാണെങ്കിൽ, അതിൽ സംബന്ധിക്കുന്നതിന് സാധിക്കില്ല. സഭയുടെ ദൈനംദിന കാര്യങ്ങളുടെ നടത്തിപ്പ് കർദിനാൾ കാമർലിംഗോയും അദ്ദേഹത്തെ സഹായിക്കുന്ന മൂന്ന് കർദിനാളന്മാരും ചേർന്നാണ് നടത്തുന്നത്. ഈ മൂന്നംഗ കർദിനാളന്മാരിൽ ഒരാൾ ഒരു കർദിനാൾ ബിഷപ്പും, മറ്റെയാൾ കർദിനാൾ പുരോഹിതനും, മൂന്നാമത്തെയാൾ കർദിനാൾ ഡീക്കനും (ഇവരെല്ലാം തന്നെ ബിഷപ്പുമാരാണ്) ആയിരിക്കണം. ഈ മൂന്നു പേരെയും നറുക്കെടുപ്പിലൂടെയാണ് തിരഞ്ഞെടുക്കുന്നത്. മാർപാപ്പ തിരഞ്ഞെടുപ്പ്



പൂർത്തിയാകുന്നതുവരെ എല്ലാ മൂന്ന് ദിവസം കൂടുമ്പോഴും ഇങ്ങനെ പുതിയൊരു സംഘത്തെ തിരഞ്ഞെടുക്കുകയും അവർ കോൺക്ലേവിന്റെ നടത്തിപ്പ് ഉറപ്പുവരുത്തുകയും വേണം.

**മാർപാപ്പയുടെ സ്ഥാനത്യാഗം**

ചരിത്രത്തിൽ വളരെ വിരളമായി സംഭവിക്കുന്ന കാര്യമാണ് ഒരു മാർപാപ്പയുടെ രാജി. 2013 ഫെബ്രുവരി 28-ന് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ രാജി വച്ചപ്പോൾ അതിശയത്തോടെയാണ് ആ വാർത്ത ലോകം ശ്രവിച്ചത്. 1415-ൽ ഗ്രിഗറി പതിനാലാമൻ മാർപാപ്പയുടെ രാജിയാണ് ഇതിനു തൊട്ടു മുമ്പായി നടന്നിട്ടുള്ളത്. 1996-ലെ പ്രമാണ രേഖയിൽ ജോൺ പോൾ രണ്ടാമൻ മർപാപ്പ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്താണ് ചെയ്യേണ്ടതെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. മാർപാപ്പയുടെ അധികാരത്തിന്റെ അടയാളങ്ങളിലൊന്നായ മുക്കുവന്റെ മോതിരം മറ്റ്

www.malankaralibrary.com





കർദിനാളന്മാരുടെ സാന്നിധ്യത്തിൽ കർദിനാൾ കാമർലിംഗോയെ ഏൽപ്പിക്കുകയും അതിലെ കുരിശിന്റെ സ്ഥാനത്ത് ഒരു വെള്ളി ചുറ്റിക കൊണ്ട് X എന്ന് രേഖപ്പെടുത്തുകയും വേണം. അതിന് രൂപമാറ്റം വരുത്തുന്നത് അതിന്റെ ദുരുപയോഗം തടയുന്നതിന് വേണ്ടിയാണ്.

**കർദിനാളന്മാരുടെ സമ്മേളനം**

സാധാരണയായി മാർപാപ്പ തിരഞ്ഞെടുപ്പിന് ഒത്തു കൂടുന്ന കർദിനാളന്മാർക്ക് തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ഗൗരവമേറിയ ദൗത്യത്തെക്കുറിച്ചു ആഴത്തിൽ മനനം ചെയ്യുന്നതിനായി രണ്ടു പ്രബോധനങ്ങൾ കേൾക്കാൻ അവസരമുണ്ടാകും. ഒന്ന് കോൺക്ലേവ് തുടങ്ങുന്നതിന് മുൻപായും രണ്ടാമത്തേത് സിസ്റ്റീൻ ചാപ്പലിൽ ഒത്തുകൂടിയതിന് ശേഷവും. കോൺക്ലേവിൽ പ്രവേശിക്കുന്നതിന് മുൻപായി കർദിനാളന്മാർ പത്രോസിന്റെ ബസിലിക്കയിൽ ഒത്തു ചേർന്ന് വി. കുർബാന അർപ്പിക്കുന്നു. പിന്നീട് അപ്പസ്തോലിക കൊട്ടാരത്തിലെ പൗലോസിന്റെ ചാപ്പലിൽ ഒത്തുകൂടി അവിടെ നിന്നും സിസ്റ്റീൻ ചാപ്പലിലേക്ക് വിശുദ്ധന്മാരുടെ ലുത്തിനിയ ആലപിച്ചുകൊണ്ട് പ്രദക്ഷിണമായി പോകുന്നു. 'വേനിക്രയാത്തോർ സ്പിരിത്തൂസ്' എന്ന പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയും എല്ലാവരും ഒത്തുചേർന്ന് ആലപിക്കുന്നു. അതിന് ശേഷം മാർപാപ്പ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും അനുസരിക്കുന്നതാണെന്ന്കർദിനാളന്മാർ പ്രതിജ്ഞ ചെയ്യുന്നു. മാർപാപ്പയായിതിരഞ്ഞെടുക്കപ്പെട്ടാൽ തിരുസിംഹാസനത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുമെന്നും രഹസ്യാത്മകത കാത്തുസൂക്ഷിക്കുമെന്നും ഏതെങ്കിലും ഭൗതിക അധികാരികളുടെ നിർദേശമുണ്ടെങ്കിൽ അത് അവഗണിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.

സിസ്റ്റീൻ ചാപ്പലിൽ സന്നിഹിതരായിരിക്കുന്നവരിൽ ഏറ്റം പ്രായം കൂടിയ കർദിനാൾ ആദ്യം പ്രതിജ്ഞ മുഴുവനായി ഉറക്കെ ചൊല്ലുന്നു. പിന്നീട് സുവിശേഷഗ്രന്ഥത്തിൽ തൊട്ടുകൊണ്ട് പ്രായത്തിലുള്ള മൂപ്പുമുറ അനുസരിച്ചു ഓരോരുത്തരും പ്രതിജ്ഞ എടുക്കുന്നു. ലത്തീൻ ഭാഷയിൽ ചൊല്ലുന്ന പ്രതിജ്ഞ ഇപ്രകാരമാണ്: "ഞാൻ .... (ഒന്നാം പേര്) കർദിനാൾ ... (വീട്ടുപേര്) വാഗ്ദാനവും, പ്രതിജ്ഞയും, ശപഥവും ചെയ്യുന്നു. അതിനാൽ ദൈവമേ, അങ്ങും, ഞാനിപ്പോൾ എന്റെ കരങ്ങളാൽ സ്പർശിച്ചിരിക്കുന്ന അങ്ങയുടെ വി. സുവിശേഷ ഗ്രന്ഥവും, എന്നെ സഹായിക്കട്ടെ". (*Et ego [given name] Cardinalis [surname] spondeo, voveo ac iuro. Sic me Deus adiuvet et haec Sancta Dei Evangelia, quae manu mea tango*).

എല്ലാ കർദിനാളന്മാരും പ്രതിജ്ഞ എടുത്തു കഴിയുമ്പോൾ തിരുസിംഹാസനത്തിന്റെ ആരാധനാക്രമ കാര്യാലയ ചുമതലക്കാരൻ കോൺക്ലേവിൽ സംബന്ധിക്കാൻ അനുവാദമുള്ള കർദിനാളന്മാരൊഴികെ ബാക്കിയുള്ളവരെല്ലാം പുറത്തുപോകാൻ ആവശ്യപ്പെടുന്നു. സിസ്റ്റീൻ ചാപ്പലിന്റെ വാതിൽക്കൽ നിന്നുകൊണ്ട് അദ്ദേഹം വിളിച്ചുപറയും 'എല്ലാവരും പുറത്തുപോവുക' (*Extra omnes!*) അതിന് ശേഷം കതക് അടക്കുന്നു. (ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്ത ശേഷമുള്ള കോൺക്ലേവിൽ സിസ്റ്റീൻ ചാപ്പലിന്റെ അൾത്താരയുടെ മുൻപിൽ നിന്നുകൊണ്ട് തിരുസിംഹാസനത്തിന്റെ ആരാധനാക്രമ കാര്യാലയനടത്തിപ്പിന്റെ ചുമതലക്കാരൻ കർദിനാൾ ആർതർ റോഷർ

www.malankaralibrary.com





ഈ വാക്കുകൾ ഉച്ചരിക്കുകയും അതിന് ശേഷം കതകടക്കുകയും ചെയ്യും).

തിരുസിംഹാസനത്തിന്റെ ആരാധനാക്രമ കാര്യാലയ ചുമതലക്കാരനും, കർദിനാള ന്മാർക്ക് തിരഞ്ഞെടുപ്പിന് മുൻപുള്ള ധ്യാന ചിന്തകൾ നല്കുന്ന കർദിനാൾ സംഘം ചുമതലപ്പെടുത്തിയ വ്യക്തിയും, പിന്നെയും അവിടെ തുടരുന്നു. പ്രസംഗ ശേഷം അദ്ദേഹവും സിസ്റ്റീൻ ചാപ്പലിൽ നിന്നും പുറത്തുപോകുന്നു. പ്രാർത്ഥന കഴിഞ്ഞതിന് ശേഷം ആർക്കെങ്കിലും മാർപാപ്പ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളെക്കുറിച്ചു എന്തെങ്കിലും സംശയം ഉണ്ടോ ഏറ്റം മുതിർന്ന കർദിനാൾ ആരായുന്നു. സംശ യങ്ങൾ ഉണ്ടെങ്കിൽ അത് നിവർത്തീകരിക്ക പ്പെട്ടതിന് ശേഷം തിരഞ്ഞെടുപ്പ് ആരംഭിക്കുന്നു.

പ്പെട്ട ആളുകൾക്കും അവശ്യപ്പെടുന്നതനുസരിച്ചു ഇവിടേയ്ക്ക് സഹായിക്കാനായി വരുന്നതിന് അനുവാദം ഉണ്ട്. അതുപോലെതന്നെ വിവിധ ഭാഷകളിൽ കുമ്പസാരം കേൾക്കുന്നതിനുള്ള പുരോഹിതന്മാരും, രണ്ടു ഡോക്ടർമാരും ഇവരുടെ സേവനത്തിനായി ഉണ്ടാവും. എന്നാൽ സിസ്റ്റീൻ ചാപ്പലിൽ ഇവർക്കും പ്രവേശിക്കാൻ അനുവാദം ഇല്ല.

മാർപാപ്പ തിരഞ്ഞെടുപ്പിന്റെ ഏറ്റം വലിയ പ്രത്യേകത അതിന്റെ രഹസ്യാത്മകതയാണ്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതു കാര്യങ്ങളും മറ്റുള്ളവരോട് വെളിപ്പെടുത്തുന്നത് വിലക്കപ്പെട്ട കാര്യമാണ്. എഴുത്തിലൂടെയോ, റേഡിയോ, ഫോൺ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ തുടങ്ങിയവയിലൂടെയോ, സംസാരത്തിലൂടെയോ മാർപാപ്പ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട



ഈ പ്രക്രിയ തുടങ്ങി കഴിഞ്ഞു ഏതെങ്കിലും കർദിനാൾ വന്നാൽ അദ്ദേഹത്തെയും കോൺക്ലേ വിൽ സംബന്ധിക്കാൻ അനുവദിക്കാമെന്നാണ് നിയമം. അതുപോലെ രോഗിയോ, ശുചിമുറിയോ ഉപയോഗിക്കേണ്ടി വരികയോ ചെയ്യുന്ന കർദി നാളന്മാർക്ക് പുറത്തുപോയി തിരികെ വരാൻ അനുവാദമുണ്ട്. ഇക്കാരണത്താലല്ലാതെ വാതി ലിന് പുറത്തുപോകുന്ന ഒരു കർദിനാളിനും വീണ്ടും കോൺക്ലേവിൽ സംബന്ധിക്കാൻ സാധിക്കില്ല. കർദിനാൾ സംഘത്തിന്റെ സെക്രട്ടറിക്കും, തിരുസിംഹാസനത്തിന്റെ ആരാധനക്രമ കാര്യാ ലയ ചുമതലക്കാരനും, പേപ്പൽ സാക്രിസ്റ്റിയുടെ രണ്ടു ഉദ്യോഗസ്ഥർക്കും, കർദിനാൾ ഡീനിന്റെ ഒരു സഹായിക്കും, ഭക്ഷണവിതരണവുമായി ബന്ധ

രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത് സ്വാഭാവിക പുറത്താക്കൽ വിളിച്ചുവരുത്തും (*latae sententiae*). എന്തെങ്കിലും കാര്യങ്ങൾ പുറം ലോകത്തോട് അത്യാവശ്യമായി വെളിപ്പെടുത്താനുണ്ടെങ്കിൽ മൂന്ന് പേർക്ക് കർദിനാൾ സംഘത്തിന്റെ അനു വാദത്തോടെ അത് ചെയ്യുന്നതിന് സാധിക്കും. വത്തിക്കാന്റെ മേജർ പെനിറ്റെൻഷ്യറി, റോമൻ രൂപതയുടെ കർദിനാൾ വികാരി, വത്തിക്കാൻ രാജ്യത്തിന്റെ വികാരി ജനറൽ എന്നിവരാണ് ഇങ്ങനെ അധികാരപ്പെടുത്തപ്പെട്ടവർ.

ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പിലും ഏതെ ങ്കിലും തരത്തിലുള്ള ഇലക്ട്രോണിക് ഉപകരണ ങ്ങളോ, മറ്റു ഉപാധികളോ ഉണ്ടോയെന്ന് സിസ്റ്റീൻ

ചാപ്പലിൽ സമ്പൂർണ്ണ പരിശോധന നടത്തും. മുൻകാലങ്ങളിൽ വത്തിക്കാനിലെ ജോലിക്കാരുടെ വേഷത്തിൽ നുഴഞ്ഞു കയറാൻ പരിശ്രമിച്ചവരെ പിടികൂടിയിട്ടുണ്ട്. കൂടാതെ വയർലസ് ജാമറുകൾ സിസ്റ്റീൻ ചാപ്പലിൽ ഈ സമയത്ത് സ്ഥാപിക്കുകയും ചെയ്യാറുണ്ട്.

**കോൺക്ലേവിലെ വേട്ടെടുപ്പ് രീതി**

കോൺക്ലേവ് കൂടി ഒന്നാം ദിവസം ഉച്ചകഴിഞ്ഞു ആദ്യത്തെ വേട്ടെടുപ്പ് നടത്താം. എന്നാൽ അങ്ങനെ ആകണമെന്ന് നിർബന്ധവുമില്ല. ആദ്യദിവസത്തെ വോട്ടെടുപ്പിൽ ആരും തിരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ അടുത്തു വരുന്ന ദിവസങ്ങളിൽ ഒരു മാർപാപ്പയെ തിരഞ്ഞെടുക്കുന്നവരെ നാല് വോട്ടെടുപ്പുകൾ നടത്താം. രണ്ടെണ്ണം രാവിലെയും രണ്ടെണ്ണം ഉച്ചകഴിഞ്ഞും. രാവിലെയും ഉച്ചകഴിഞ്ഞും ഓരോ പ്രാവശ്യവും കോൺക്ലേവിന്റെ നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നു കർദിനാളന്മാർ പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. മൂന്ന് ദിവസത്തെ വോട്ടിങ്ങിന് ശേഷവും മാർപാപ്പയെ



തിരഞ്ഞെടുക്കാൻ സാധിച്ചില്ലെങ്കിൽ ഒരു ദിവസം വോട്ടിങ്ങില്ലാതെ കർദിനാളന്മാർ പ്രാർത്ഥനയിൽ ചിലവഴിക്കുന്നു. ഈ സമയത്ത് ഏറ്റവും മുതിർന്ന കർദിനാൾ ഡീക്കൻ ഒരു പ്രസംഗം നടത്തുന്നു. ഏഴ് ദിവസത്തിന് ശേഷവും ഒരാളെ തിരഞ്ഞെടുക്കാൻ സാധിച്ചില്ലെങ്കിൽ വീണ്ടും ഒരു ദിവസം പ്രാർത്ഥനയിൽ ചിലവഴിക്കുകയും തലമുതിർന്ന കർദിനാൾ ബിഷപ്പ് കോൺക്ലേവിനെ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്യും. പിന്നീട് നടക്കുന്ന ഏഴു വോട്ടെടുപ്പിന് ശേഷവും മാർപാപ്പയെ തിരഞ്ഞെടുക്കാൻ സാധിക്കാതെ വരികയാണെങ്കിൽ ഒരു ദിവസത്തെ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ശേഷം ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച രണ്ടു പേരിൽ ഒരാൾക്ക് വോട്ടു ചെയ്യുകയും അതിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ലഭിക്കുന്നയാൾ അടുത്ത മാർപാപ്പ ആവുകയും ചെയ്യും. എന്നാൽ ഇവർക്ക് രണ്ടിനും ഈ ഘട്ടത്തിൽ വോട്ട് ചെയ്യുന്നതിന് സാധിക്കില്ല.

തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ മാർപാപ്പയുടെ ആരാധനക്രമകാര്യാലയ ചുമതലക്കാരൻ ബാലറ്റ് പേപ്പറുകൾ തയ്യാറാക്കുകയും കർദിനാളന്മാർക്ക് നൽകുകയും ചെയ്യുന്നു. അതിൽ ലത്തീൻ ഭാഷയിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്: “ഞാൻ, മാർപാപ്പയായി .... തിരഞ്ഞെടുക്കുന്നു” (*Eligo in Summum Pontificem*). ഈ സമയത്ത് ആരാധനക്രമകാര്യാലയ ചുമതലക്കാരനും, കർദിനാൾ സംഘത്തിന്റെ സെക്രട്ടറിയും, ബാക്കി വോട്ടവകാശമുള്ള കർദിനാളന്മാരല്ലാതെ മറ്റാരെങ്കിലും അവശേഷിക്കുന്നുവെങ്കിൽ അവരും പുറത്തുപോകുന്നു. ഏറ്റം ചെറുപ്പമായ കർദിനാൾ ഡീക്കൻ സിസ്റ്റീൻ ചാപ്പലിന്റെ കതകുകൾ അടയ്ക്കുന്നു. തിരഞ്ഞെടുപ്പിന്റെ നടത്തിപ്പിലേക്കായി നറുക്കെടുപ്പിലൂടെ ഒൻപതുപേരെ നിയോഗിക്കുന്നു. രാവിടെ രണ്ടു വോട്ടെടുപ്പ് നടക്കുകയാണെങ്കിൽ ഇവർ തന്നെ അതിന്റെ നടത്തിപ്പുകാർ ആയിരിക്കും. ഉച്ചകഴിഞ്ഞു വീണ്ടും വോട്ടെടുപ്പ് വേണ്ടി വരുകയാണെങ്കിൽ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന മറ്റ് ഒൻപത് പേർക്കായിരിക്കും തിരഞ്ഞെടുപ്പ് നടത്തിപ്പ് ചുമതല. കർദിനാളന്മാർ തിരഞ്ഞെടുപ്പ് നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നു വീണ്ടും പ്രതിജ്ഞ എടുക്കുകയും വേണം.

കർദിനാളന്മാർ മുൻഗണനാക്രമത്തിൽതങ്ങൾ എഴുതിയ  പേരുമായി സിസ്റ്റീൻ ചാപ്പലിലെ അൾത്താരയുടെ മുൻപിൽ ചെന്ന് ലത്തീൻ ഭാഷയിൽ ഇപ്രകാരം പറയുന്നു. “എന്റെ വിധികർത്താവായ ക്രിസ്തുവിനെ ഞാൻ സാക്ഷ്യപ്പെടുത്തിക്കൊണ്ടു എന്റെ വോട്ട് ദൈവതിരുമുമ്പിൽ തിരഞ്ഞെടുക്കപ്പെടണം എന്ന് ഞാൻ ചിന്തിക്കുന്ന ആളിന് നൽകിയിരിക്കുന്നു”. (*Testor Christum Dominum, qui me iudicaturus est, me eum eligere, quem secundum Deum iudico eligi debere*).

ഇനിയും അവിടെയുള്ള ഒരു കർദിനാളിനു രോഗം കാരണം അൽത്താരയുടെ അടുത്തേയ്ക്ക് നടന്നു പോകാൻ സാധിക്കില്ല എങ്കിൽ അവസാനത്തെ ആൾ അൾത്താരയുടെ മുൻപിൽ അദ്ദേഹത്തിന് വേണ്ടി ഈ പ്രതിജ്ഞ ചെയ്തു വോട്ടു ചെയ്ത ബാലറ്റ് പേപ്പർ വാങ്ങേണ്ടതാണ്.

**വെളുത്ത പുകയും കറുത്ത പുകയും**

ആയിരത്തി എണ്ണൂറുകളിലാണ് കർദിനാള

www.malankaralibrary.com







ന്മാർക്ക് ഒരു മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിന് സാധിച്ചില്ല എന്ന് കാണിക്കുന്നതിനായി ഓരോ വോട്ടിങ്ങിനു ശേഷവും ബാലറ്റ് പേപ്പർ കത്തിച്ചു ചിമ്മിനിയിലൂടെ പുക പുറത്തേയ്ക്ക് വിടുന്ന പതിവ് ആരംഭിച്ചത്. ആദ്യകാലങ്ങളിൽ ഒരുതിരഞ്ഞെടുപ്പിന് ശേഷം പുക വന്നില്ലായെങ്കിൽ മാർപാപ്പയെ തിരഞ്ഞെടുത്തു എന്ന് അറിയാമായിരുന്നു. 1914-നു ശേഷം നടന്ന തിരഞ്ഞെടുപ്പുകളിൽ സിസ്റ്റീൻ ചാപ്പലിന് മുകളിൽ സ്ഥാപിച്ചിരിക്കുന്ന ചിമ്മിനിയിലൂടെ വെളുത്തതോ കറുത്തതോ ആയ പുക തിരഞ്ഞെടുപ്പിന്റെ അടയാളമായി പുറത്തു വിടുന്ന പതിവ് ആരംഭിച്ചു. വെള്ള പുക പുതിയൊരു മാർപാപ്പയെ തിരഞ്ഞെടുത്തു എന്നും കറുത്ത പുക മാർപാപ്പയാകാനുള്ള മൂന്നിൽ രണ്ടു ഭൂരിപക്ഷം ആർക്കും കിട്ടിയിട്ടില്ലെങ്ങും കാണിക്കുന്നു. ആദ്യകാലങ്ങളിൽ ചില തിരഞ്ഞെടുപ്പിലെങ്കിലും പുറത്തു വരുന്ന പുകയുടെ നിറത്തിന്റെ കാര്യത്തിൽ ആശയക്കുഴപ്പങ്ങൾ നിലനിന്നിരുന്നു.

എ.ഡി. 1963 മുതൽ ബാലറ്റ് പേപ്പറുകളോടൊപ്പം രാസവസ്തുക്കളും ചേർത്ത് കത്തിക്കാൻ തുടങ്ങി. 2005 മുതൽ വെളുത്ത പുകയോടൊപ്പം വി. പത്രോസിന്റെ ബസിലിക്കയിൽ മണികളും മുഴക്കുന്നതുകൊണ്ട് ഇപ്പോൾ ഒരു മാർപാപ്പയെ തിരഞ്ഞെടുത്തു എന്ന് അറിയുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. 2013-ലെ തിരഞ്ഞെടുപ്പിന് ഉപയോഗിച്ച രാസവസതുക്കളുടെ പേര് വിവരം വരെ വത്തിക്കാൻ പ്രസിദ്ധമാക്കുകയുണ്ടായി.

**സമ്മതവും പ്രഖ്യാപനവും**

തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞാൽ കർദിനാൾ സംഘത്തിന്റെ ഡീൻ കർദിനാൾ സംഘത്തിന്റെ സെക്രട്ടറിയെയും മാർപാപ്പയുടെ ആരാധന ക്രമകാര്യാലയ ചുമതലക്കാരനെയും സിസ്റ്റീൻ ചാപ്പലിലേക്ക് വിളിച്ചു വരുത്തുന്നു. അതിന് ശേഷം ഡീൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ആളിനോട് തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നുവോ എന്ന് ആരായുന്നു. ഇത് ലത്തീൻ ഭാഷയിലാണ് ചോദിക്കുന്നത് ''അങ്ങയെ മാർപാപ്പയായി തിരഞ്ഞെടുത്തത് സ്വീകരിക്കുന്നുവോ?'' (*Acceptanse electionem de te canonice factam in Summum Pontificem?*) അദ്ദേഹം ഈ ചോദ്യത്തിന് അതേയെന്ന് ഉത്തരം പറയണമെന്ന് നിർബന്ധമില്ല. ഇനിയും തിരഞ്ഞെടുപ്പ് അംഗീകരിക്കുകയും ആ സമയത്ത് ഒരു ബിഷപ്പായിരിക്കുകയും ചെയ്യുന്നെങ്കിൽ ആ നിമിഷം മുതൽ മാർപാപ്പയുടെ അധികാരം കൈവരുന്നു. ബിഷപ്പല്ലായെങ്കിൽ ഈ സ്ഥാനം മെത്രാഭിഷേകത്തിന് ശേഷം മാത്രമേ ഏറ്റെടുക്കാൻ സാധിക്കൂ.

ഒരു പുരോഹിതനായിരിക്കുന്ന ആൾ ഈ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുനക്കപ്പെടുകയാണെങ്കിൽ കർദിനാളന്മാരുടെ ഡീൻ അദ്ദേഹത്തെ ബിഷപ്പായി വാഴിക്കുന്നു. ഒരു അല്മായനാണ് തിരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ ശെമ്മാശനായും പുരോഹിതനായും ബിഷപ്പായും അദ്ദേഹത്തെ വാഴിക്കണം. ഡീൻ, വൈസ് ഡീൻ എന്നിവർക്ക് ഇതിന് സാധിക്കാതെ വരികയാണെങ്കിൽ ഏറ്റം മുതിർന്ന കർദിനാൾ ബിഷപ്പാണ് ഇത് ചെയ്യേണ്ടത്. 2005-ലെ കോൺക്ലേവിൽ കർദിനാളന്മാരുടെ ഡീൻ ആയിരുന്ന ജോസഫ് റാറ്റ്സിംഗർ തന്നെ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. 2013-ലെ തിരഞ്ഞെ

ടുപ്പിൽ എൺപത് വയസ്സ് പൂർത്തിയായിരുന്നതിനാൽ ഡീനിനും വൈസ് ഡീനിനും കോൺക്ലേവിൽ സംബന്ധിക്കാൻ സാധിക്കാഞ്ഞതിനാൽ മുതിർന്ന കർദിനാൾ ബിഷപ്പായിരുന്ന ജൊവാന്നി ബാത്തിസ്ത റേയാണ് ഡീനിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിയത്. അന്ന് ഈ ദൗത്യം നിർവഹിച്ച കർദിനാൾ റേ ഇന്ന് കർദിനാൾ സംഘത്തിന്റെ ഡീനാണെങ്കിലും അദ്ദേഹത്തിനും വൈസ് ഡീനിനും എൺപത് വയസ്സ് കഴിഞ്ഞിരിക്കുന്നതിനാൽ മുതിർന്ന കർദിനാൾ ബിഷപ്പ് പിയെത്രോ പരോളിനോ അതുപോലെ ഉത്തരവാദിത്വമുള്ള മറ്റൊരു കർദിനാളോലിഖിത നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഈ ദൗത്യം നിർവഹിക്കും.

എ.ഡി. 533 മുതൽ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ പുതിയൊരു പേര് സ്വീകരിക്കുന്ന പാരമ്പര്യം നിലവിൽ വന്നു. ജോൺ രണ്ടാമൻ മാർപാപ്പയാണ് അങ്ങനെ ആദ്യമായി പുതിയ പേര് സ്വീകരിച്ചത്. മെർക്കൂറിയസ് എന്ന തന്റെ പേര് ഒരു റോമൻ ദൈവത്തിന്റെ പേരായിരുന്നതിനാൽ മാർപാപ്പയ്ക്ക് അത് അനുചിതമായിരിക്കും എന്നതിനാലാണ് അദ്ദേഹം ഇപ്രകാരം ചെയ്തത്. സ്വന്തം പേര് മാറ്റാതെ തന്നെ മാർപാപ്പ ആയ അവസാനത്തെ ആളാണ് മാർസെല്ലൂസ് രണ്ടാമൻ.

തിരഞ്ഞെടുപ്പ് അംഗീകരിച്ചു കഴിഞ്ഞാൽ കർദിനാൾ ഡീൻ "ഏത് പേരിലാണ് അങ്ങ് അറിയപ്പെടാൻ ആഗ്രഹിക്കുന്നത്?" (*Quo nomine vis vocari?*) എന്ന് പുതിയ മാർപാപ്പയോട് ആരായുന്നു. അതിന് ഉത്തരം ലഭിച്ചു കഴിയുമ്പോൾ കോൺക്ലേവുമായി ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥരെ ഇവിടേക്ക് പ്രവേശിക്കാൻ അനുവദിക്കും. മാർപാപ്പയുടെ ആരാധനാ കാര്യാലയ ചുമതലക്കാരൻ ഈ തിരഞ്ഞെടുപ്പും പുതിയ പേരും സംബന്ധിച്ച ഒരു ഡോക്യുമെന്റ് തയ്യാറാക്കുന്നു. കോൺക്ലേവ് അവസാനിക്കുമ്പോൾ പുതിയ മാർപാപ്പ തന്റെ കർദിനാളിന്റെ തൊപ്പി (*zucchetto*) കോൺക്ലേവിന്റെ സെക്രട്ടറിയുടെ തലയിൽ വച്ചുകൊടുക്കുന്ന പാരമ്പര്യവും ഉണ്ട്. അദ്ദേഹത്തെ അടുത്ത കൺസിസ്റ്ററിയിൽ കർദിനാൾ ആക്കും എന്നതിന്റെ അടയാളമായി ഇത് വ്യാഖ്യാനിക്കപ്പെടുന്നു. അടുത്ത കാലത്തെ മാർപാപ്പാമാരുടെയെല്ലാം തിരഞ്ഞെടുപ്പിനു ശേഷം ഈ പാരമ്പര്യം നടപ്പാക്കിയിരുന്നു.

ഇത്രയും കാര്യങ്ങൾ കഴിയുമ്പോൾ പുതിയ മാർപാപ്പ സിസ്റ്റീൻ ചാപ്പലിനോട് ചേർന്നുള്ള 'വിലാപത്തിന്റെ മുറി'യിൽ പോയി പ്രാർത്ഥിക്കുന്നു. ഈ പേര് ഈ മുറിക്ക് വന്നതിന് കാരണം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി വലിയ വികാരവിക്ഷോഭത്തിലൂടെ ഇവിടെവച്ചു കടന്നുപോകുന്നതിനാലാണ്. ഇവിടുത്തെ പ്രാർത്ഥനയ്ക്ക് ശേഷം മാർപാപ്പയുടെ പുതിയ കുപ്പായം അണിയുന്നു. ഇതിനായി മൂന്ന് അളവിലുള്ള കുപ്പായവും, തൊപ്പിയും, ഇടക്കെട്ടും മറ്റും തയ്യാറാക്കി വച്ചിട്ടുണ്ടാകും. (2013 ൽ ഫ്രാൻസിസ് മാർപാപ്പ വസ്ത്രധാരണത്തിലും മറ്റും ചില പാരമ്പര്യങ്ങൾ ഒഴിവാക്കുകയുണ്ടായി. സ്വർണ്ണ കുരിശുമാലയ്ക്കു പകരം താൻ ഉപയോഗിച്ചുകൊണ്ടിരുന്ന കുരിശുമാലയും മാർപാപ്പയുടെ പുതിയ വെള്ള വസ്ത്രവും ധരിച്ചാണ് വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ ബാൽക്കണിയിൽ ഫ്രാൻസിസ് മാർപാപ്പ പ്രത്യക്ഷപ്പെട്ടത്).

ഈ കർമ്മങ്ങൾ സിസ്റ്റീൻ ചാപ്പലിൽ പൂർത്തിയായതിന് ശേഷം കർദിനാളന്മാരുടെ സംഘത്തിലെ പ്രോട്ടോ ഡീക്കൻ (ഏറ്റവും മുതിർന്ന കർദിനാൾ ഡീക്കൻ) പത്രോസിന്റെ ബസിലിക്കയിലെ ബാൽക്കണിയിൽ പുതിയ മാർപാപ്പയെ ലഭിച്ചിരിക്കുന്നു എന്ന പ്രഖ്യാപനം നടത്തുന്നു. അദ്ദേഹം ലത്തീൻ ഭാഷയിൽ നടത്തുന്ന പ്രഖ്യാപനം ഇപ്രകാരമാണ്.

"വലിയ സന്തോഷത്തോടെ ഞാൻ നിങ്ങളോട് പ്രഖ്യാപിക്കുന്നു;

നമുക്ക് ഒരു മാർപാപ്പയെ ലഭിച്ചിരിക്കുന്നു:

അത്യുന്നത കർദിനാൾ പെരിയ ബഹുമാനപ്പെട്ട

(പേര്)

പരിശുദ്ധ കത്തോലിക്കാ സഭയിലെ

(വീട്ടുപേര്)

അദ്ദേഹം തന്റെ മാർപാപ്പ നാമമായി (പുതിയ പേര്) സ്വീകരിച്ചിരിക്കുന്നു."

*Annuntio vobis gaudium magnum;*

*habemus Papam:*

*Eminentissimum ac Reverendissimum Dominum,*

*Dominum* [given name]

*Sanctae Romanae Ecclesiae Cardinalem* (surname)

*qui sibi nomen imposuit* (papal name).

ഇനിയും പ്രോട്ടോഡീക്കൻ തന്നെ മാർപാപ്പ

www.malankaralibrary.com



യായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഈ പ്രഖ്യാപനം നടത്തേണ്ടത് രണ്ടാമത്തെ മുതിർന്ന കർദിനാൾ ഡീക്കനാണ്. ഇത് അവസാനമായി സംഭവിച്ചത് 1513-ൽ ജൊവാന്നി ദേ മെഡിച്ചി ലിയോ പത്താമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോഴാണ്. ഈ പ്രഖ്യാപനത്തിനു ശേഷം ബസിലിക്കയുടെ ബാൽക്കണിയിലെ അഴിക്കുമുകളിലായി ഒരു നീണ്ട കൊടി തൂക്കിയിടുന്നു. അതിന് ശേഷം പുതിയ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ആൾ ബാൽക്കണിയിൽ പ്രത്യക്ഷപ്പെടുന്നു. ഈ സമയത്ത് താഴെ നിന്ന് പേപ്പൽ ബാൻഡ് പാപ്പാഗാനം ആലപിക്കുന്നു. കോൺക്ലേവിൽ സംബന്ധിച്ച കർദിനാളന്മാരും ഈ സമയത്ത് ബാൽക്കണിയുടെ വശങ്ങളിലായി നിലയുറപ്പിച്ചിട്ടുണ്ടാവും. പുതിയ മാർപാപ്പ 'ഊർബി എത് ഓർബി' (നഗരത്തിനും ലോകത്തിനും) തന്റെ ആദ്യ ആശീർവാദം നൽകുന്നു. ജോൺ പോൾ രണ്ടാമൻ, ബെനഡിക്റ്റ് പതിനാറാമൻ, ഫ്രാൻസിസ് മാർപാപ്പാമാർ ഈ ആശീർവാദം നൽകുന്നതിന് മുൻപായി ഏതാനും ചുരുങ്ങിയ വാക്കുകളിലൂടെ വത്തിക്കാൻ ചത്വരത്തിൽ കൂടിയവരോടു സംസാരിക്കുകയുണ്ടായി. ഫ്രാൻസിസ് മാർപാപ്പ തന്റെ മുൻഗാമിയായ ബെനഡിക്റ്റ് മാർപാപ്പയ്ക്കും തനിക്കും വേണ്ടി പ്രാർത്ഥിക്കണമെന്ന അഭ്യർത്ഥനയും നടത്തി. പിന്നീട് സൗകര്യപ്രദമായ ഒരു ദിവസം സ്ഥാനാരോഹണ ചടങ്ങുകൾ നടക്കുന്നതോടെ പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർണ്ണമാവുന്നു.

**ഉപസംഹാരം**

മാർപാപ്പ സ്ഥാനം ഒരു നേതൃപദവി എന്നതുപോലെതന്നെ സേവനത്തിലും ത്യാഗത്തിലും വിശുദ്ധിയിലും അധിഷ്ഠിതമായ ദൈവവിളിയാണ്. മാർപാപ്പമാരുടെ നീണ്ട ചരിത്രം സഭയുടെയും ലോകത്തിന്റെയും മാറിമറിയുന്ന മുഖങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു ചരിത്ര കണ്ണാടി കൂടിയാണ്. കാലാവസ്ഥാ വ്യതിയാനം, ദാരിദ്ര്യം, സമാധാനം തുടങ്ങിയ ആഗോള വിഷയങ്ങളിൽ ആധുനിക പാപ്പാമാരുടെ ശക്തമായ നേതൃത്വം മുൻകാലങ്ങളിലെ പ്രശ്നങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അതിനാൽ തന്നെ മാർപാപ്പ തിരഞ്ഞെടുപ്പ് വെറുമൊരു മാറ്റത്തിന്റെ പ്രതീകം മാത്രമല്ല, സഭയുടെ ഐക്യത്തിന്റെയും പരിശുദ്ധാത്മാവിലുള്ള ആഴമായ വിശ്വാസത്തെ പുല്കുന്നതിന്റെയും ലക്ഷണം കൂടിയാണ്. സിസ്റ്റീൻ ചാപ്പലിൽ നിന്ന് ഉയരുന്ന വെളുത്ത പുക ഒരു പുതിയ മാർപാപ്പ വന്നു എന്നതിന്റെ അടയാളം മാത്രമല്ല, രണ്ടായിരം വർഷത്തോളം നീണ്ട ഒരു ദൗത്യത്തിന്റെ പിന്തുടർച്ചയുടെ പ്രതീകവുമാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയും, മതനിരപേക്ഷതയും, സാംസ്കാരിക വ്യതിയാനങ്ങളും നമ്മുടെ കാലത്തെ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമാക്കുമ്പോഴും മാർപാപ്പസ്ഥാനം ഭൂതകാലത്തെയും പാരമ്പര്യങ്ങളെയും ഭാവികാലവുമായി ബന്ധിപ്പിക്കുന്ന നിർണ്ണായക കണ്ണിയായി ഇന്നും വർത്തിക്കുന്നു. ഒരു വ്യക്തിയെ എന്നതിലുപരി വലിയൊരു പ്രതീകത്തെ ഈ വ്യക്തിയിലൂടെ കാണാൻ മാർപാപ്പ സ്ഥാനം നമ്മെ സഹായിക്കുന്നു.

പുതിയ വെല്ലുവിളികളെ സഭ എങ്ങനെ നേരിടും? എന്തൊക്കെ മാറ്റങ്ങൾക്ക് സഭ ഇനിയും വിധേയമാകും? ആധുനിക വിശ്വാസ വെല്ലുവിളികളെ സഭയൊന്നാകെ എങ്ങനെ നേരിടും? സഭയെ സുവിശേഷ സാക്ഷ്യത്തിനായി ആധുനിക ലോകത്തിൽ എങ്ങനെ സജ്ജമാക്കും? അടുത്ത ദിനങ്ങളിൽ ഇതിനുള്ള ഉത്തരം നമുക്ക് ലഭിക്കും. മാർപാപ്പ പദവിയുടെ ആത്യന്തിക ശക്തി സിംഹാസനങ്ങളിലോ സ്ഥാനമാനങ്ങളിലോ അല്ല, ലോക മനസാക്ഷിയെ - കരുണ, സത്യം, നീതി, ദൈവസാന്നിധ്യം - തുടങ്ങിയ ശാശ്വത മൂല്യങ്ങളിലേക്ക് നയിക്കുന്നതിനുള്ള അനന്യമായ കഴിവിലാണ് അടങ്ങിയിരിക്കുന്നത്. ഭൂതകാലത്തിന്റെ ഒരു തിരുശേഷിപ്പല്ല നമ്മുടെ പുതിയ മാർപാപ്പ പിന്നയോ കാലത്തിന്റെ വെല്ലുവിളികളെ വിശ്വാസത്തിന്റെ ജീവനുള്ള ശക്തിയാൽ നയിക്കാൻ കഴിവുള്ള ദൈവത്തിന്റെ പ്രതിപുരുഷനാണ്.



# കാലം കാതോർത്ത കാൽപെരുമാറ്റം ഇനി നിത്യതയിൽ





അഡ്വ. ജോജോ കെ. എബ്രഹാം

2020 മാർച്ച് 27, വൈകുന്നേരം 4.00 മണി. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിന്റെ തണുത്തുറഞ്ഞ പടവുകളിലൂടെ ഒരു വന്ദ്യവയോധികൻ ഒറ്റയ്ക്ക്, വി. പത്രോസിന്റെ ബസലിക്കയുടെ പൂമുഖത്ത് ഒരുക്കിയ താത്കാലിക ബലിപീഠത്തെ ലക്ഷ്യമാക്കി സാവധാനം മുന്നോട്ട് നടന്നു നീങ്ങി. ഉള്ളിൽ തിങ്ങിക്കൂടിയ വേദന ആ മുഖത്തു നിന്ന് വായിച്ചെടുക്കാമെങ്കിലും ആ കാൽ വയ്പ്പുകൾ അല്പം പോലും പതറിയിരുന്നില്ല. മുകളിൽ കറുത്തിരുണ്ടു കൂടിയ മേഘക്കീറുകൾ ഇടതോരാതെ തൂകിയ കണ്ണുനീർ തുള്ളികൾ ചാലുകളായി ചത്വരത്തിലെ പടവുകളും കടന്ന് തൊട്ടടുത്തുള്ള ടൈബർ നദിയിലേക്ക് അപ്പോൾ ഒഴുകിയിറങ്ങുന്നുണ്ടായിരുന്നു. നനവാർന്ന ചത്വരത്തിൽ അങ്ങിങ്ങായി ഉണ്ടായിരുന്ന അരണ്ട വെളിച്ചത്തിൽ രൂപപ്പെട്ട തന്റെ മങ്ങിയ നിഴൽ മാത്രമായിരുന്നു അവിടേക്ക് നടന്നു കയറുമ്പോൾ അദ്ദേഹത്തിന് കൂട്ടായി ഉണ്ടായിരുന്നത്. ഒരു പക്ഷേ, സമകാലിക ചരിത്രത്തിലെ ഏറ്റവും വലിയ ശൂന്യതയിൽ സെന്റ് പീറ്റേഴ്സ് ചത്വരം അന്ന് വിറങ്ങലിച്ചിട്ടുണ്ടാവും. എന്നാൽ, ആ കാലടികളുടെ നേർത്ത ശബ്ദം പ്രതിധ്വനിച്ചത് ലോകമെങ്ങും ഏകാന്തതയിൽ വിങ്ങിയിരുന്ന അനേക മനുഷ്യരുടെ മനസ്സുകളിൽ ആണ്. അപ്പോഴേക്കും ലോകത്തെ എല്ലാ രാജ്യങ്ങളും കോവിഡ്-19 ന്റെ പിടിയിൽ ഞെരിഞ്ഞമർന്നു കഴിഞ്ഞിരുന്നു. 'ഇനിയെന്ത്?' എന്ന മനുഷ്യന്റെ ചോദ്യത്തിന് മറുപടി നൽകാൻ ലോകത്തിന് കഴിയാതിരുന്ന കാലം; മനുഷ്യന്റെ നിസ്സഹായത അനാവരണം ചെയ്യപ്പെട്ട നിമിഷങ്ങൾ!

ലോകം മുഴുവൻ പ്രാർത്ഥനയോടെ കാതോർത്ത ആ ചുവടുകൾ നിശ്ചലമായത് ബലിപീഠത്തിനു സമീപത്തായി ഒരുക്കിയിരുന്ന, മേരി മേജർ ബസലിക്കയിൽ നിന്നും അവിടേക്ക് എത്തിച്ച, പരിശുദ്ധ അമ്മയുടെ 'Salus Populi Romani' എന്ന പ്രസിദ്ധമായ ഐക്കൺ ചിത്രത്തിന് മുൻപിൽ. കയ്യിൽ കരുതിയ ഒരുപിടി പൂക്കൾ അവിടെ അർപ്പിച്ചുകൊണ്ട് ആ വയോധികൻ സാവധാനം തൊട്ടടുത്തുണ്ടായിരുന്ന ക്രൂശിത രൂപത്തിന്റെ മുൻപിലേക്ക് നീങ്ങി. റോമിൽ വിശ്വാസികൾ

www.malankaralibrary.com






നൂറ്റാണ്ടുകളായി വണങ്ങുന്ന വി. മാർസെലസ് ദൈവാലയത്തിലെ അത്ഭുത ക്രൂശിത രൂപത്തിന്റെ നിണമണിഞ്ഞ കണ്ണുകളിലേക്ക്, തികഞ്ഞ വേദനയിൽ അദ്ദേഹം തന്റെ ഈറനണിഞ്ഞ കണ്ണുകളെ ഉയർത്തി; രക്ഷകന്റെ കണ്ണുകളിലേക്ക് തന്റെ കണ്ണിണകളെ ചേർത്തുവച്ചു. ലോകമെങ്ങുമുള്ള വിശ്വാസികൾ കൂപ്പുകൈയ്യോടെ വീർപ്പടക്കി കണ്ടിരുന്ന, ചരിത്രത്തിൽ ഇടം പിടിച്ച, ആ നിശ്ശബ്ദ സംഭാഷണത്തിന്റെ വിശദാംശങ്ങൾ ഫ്രാൻസിസ് മാർപ്പാപ്പാ പിന്നീട് വെളിപ്പെടുത്തിയില്ല. എങ്കിലും ആ പൂമുഖത്തു നിന്നും അന്ന് അദ്ദേഹം ലോക ജനതയോട് നടത്തിയ ഹൃസ്വമായ പ്രസംഗത്തിൽ രക്ഷകനുമായി താൻ നടത്തിയ ദീർഘമായ സംഭാഷണത്തിന്റെ പൊരുൾ മുഴുവൻ അടങ്ങിയിരുന്നു.

**ആശ്വാസത്തിന്റെ കുളിർമഴ പെയ്ത സന്ധ്യ**

മഹാ വ്യാധിയിൽ വിറങ്ങലിച്ചു നിന്ന നഗരത്തോടും ലോകത്തോടുമായി ഫ്രാൻസിസ് മാർപ്പാപ്പാ പറഞ്ഞു–

'ആഴ്ചകളായി നാം കാണുന്നത് സന്ധ്യകൾ മാത്രം. നമ്മുടെ നഗരങ്ങളിലും, തെരുവുകളിലും, ചത്വരങ്ങളിലും ഘോരമായ ഇരുൾ വ്യാപിച്ചിരിക്കുന്നു. കാതടപ്പിക്കുന്ന നിശ്ശബ്ദതയും വേദനിപ്പിക്കുന്ന ശൂന്യതയും അവ കടന്നു പോകുന്ന ഇടങ്ങളിൽ ഉള്ള എല്ലാറ്റിനെയും നിശ്ചലമാക്കിക്കൊണ്ട് നമ്മുടെ ജീവിതത്തിലേക്കും വന്നെത്തിയിരിക്കുന്നു. പ്രകൃതിയിലും മനുഷ്യരുടെ പെരുമാറ്റത്തിലും അത് ദൃശ്യമായിരിക്കുന്നു......'



പരിശുദ്ധ പിതാവ് തുടർന്നു 'നാം എല്ലാവരും ഒരേ നൗകയിൽ തന്നെ. നമുക്ക് ചുറ്റും ഒരേ അനുഭവങ്ങൾ. ഒരേപോലെ ഭയപ്പെടുത്തുന്ന കാറ്റും തിരകളും.'

അതുകൊണ്ട് തന്നെ നാം ഒന്ന് ചേർന്ന് ചോദിക്കുന്നു.

**"Teacher, do you not care if we perish? "- 'ഗുരോ ഞങ്ങൾ നശിക്കുവാൻ പോകുന്നു. നീ അത് ഗൗനിക്കുന്നില്ലേ?' (മർക്കോസ് 4: 38)** നമുക്ക് ചുറ്റും ഉയരുന്ന കാറ്റും, തിരകളും നമ്മുടെ നിസ്സഹായതയെയും നാം വിശ്വാസം അർപ്പിച്ച ദിനചര്യകളുടെ വ്യർത്ഥതയെയും അർദ്ധശൂന്യതയെയും അനാവരണം ചെയ്യുന്നു.

ലോക ക്രമം മുഴുവൻ ഭയം എന്ന വികാരത്തിനു കീഴ്പ്പെട്ട് കഴിഞ്ഞിരുന്ന ആ സമയത്ത് ലോകത്തിന് മുൻപിൽ സർവ്വരുടെയും രക്ഷക്കായി അദ്ദേഹം ഉയർത്തിയത് നമ്മുടെ കർത്താവ് ശിഷ്യന്മാരോട് ചോദിച്ച അതേ ചോദ്യമാണ്.

**"Why are you afraid? Have you no faith?" നിങ്ങൾ ഭയപ്പെടുന്നത് എന്ത്? നിങ്ങൾക്ക് വിശ്വാസം ഇല്ലേ?** (മർക്കൊസ് 4:40 )

പരിശുദ്ധ പിതാവ് തന്റെ പ്രസംഗത്തിൽ നിരവധി തവണ നമ്മുടെ കർത്താവിന്റെ ഈ ചോദ്യം ആവർത്തിക്കുന്നു.

'നിങ്ങൾ ഭയപ്പെടുന്നത് എന്ത്? നിങ്ങൾക്ക് വിശ്വാസം ഇല്ലേ?'

'അവന്റെ കുരിശു വഹിക്കുക എന്നതുകൊണ്ട് അർദ്ധമാകുന്നത് കാലഘട്ടം നൽകുന്ന എല്ലാ പ്രയാസങ്ങളെയും ധൈര്യപൂർവ്വം നേരിടുക എന്നതുകൂടിയാണ്...' അദ്ദേഹം ഓർമ്മപ്പെടുത്തി.

**കാറ്റും കോളും നിറഞ്ഞ ഒരു കാലഘട്ടത്തിൽ സഭയെ പ്രത്യാശയുടെ തീരത്തേക്ക് നയിച്ച പാപ്പ എന്നാവും ഹോർഹെ മരിയോ ബെർഗോളിയോ എന്ന ഫ്രാൻസിസ് മാർപാപ്പായെ ഓർക്കുവാൻ ചരിത്രം ഇഷ്ടപ്പെടുക.**

രക്ഷകനിലുള്ള അചഞ്ചലമായ വിശ്വാസം ചുറ്റും ഉരുണ്ടുകൂടിയ പ്രതിസന്ധികളെ മറികടക്കുവാൻ അദ്ദേഹത്തിന് കരുത്ത് പകർന്നു. തന്നെ ഉൾക്കൊള്ളുന്ന കപ്പൽ കാറ്റിലും കോളിലും പെട്ട്

www.malankaralibrary.com



ആടിയുലഞ്ഞപ്പോഴും തന്റെ പിതാവിൽ പൂർണ്ണമായി വിശ്വാസം അർപ്പിച്ച് അമരത്തുറങ്ങിയ രക്ഷകന്റെ ശാന്തത ആ മുഖത്ത് സർവ്വദാ നിഴലിച്ചു. ആ പുഞ്ചിരി ലോകത്തിന് പകർന്നത് ആശ്വാസത്തിന്റ കുളിർമഴ തന്നെ ആയിരുന്നു.

തലസ്ഥാനമായ ഹരാരെയിലുള്ള മകളുടെ വീട്ടിൽ ഇരുന്നുകൊണ്ട് ഞങ്ങൾ ടി വി യിൽ ഈ രംഗം വീക്ഷിച്ചു. ജീവനോടെ, സുരക്ഷിതമായി, ഇന്ത്യയിലേക്ക് തിരികെ എത്തുവാൻ കഴിയുമോ എന്ന് ഞങ്ങൾ ചിന്തിച്ചിരുന്ന ദിനങ്ങൾ! എല്ലാ ഭൂഖണ്ഡങ്ങളിലെയും ജനങ്ങൾ മരണം എന്ന യാഥാർധ്യത്തിന് മുൻപിൽ പകച്ചു നിൽക്കുകയും പടച്ചു വീഴുകയും ചെയ്യുന്ന സമയം. തൊട്ടടുത്തുള്ള ആളെ, സ്വന്തംജീവിത പങ്കാളിയെയും മക്കളെയും പോലും ഭയത്തോടെ വീക്ഷിക്കുവാൻ നിർബന്ധിതമായ ഒരു കാലഘട്ടം. അടുത്ത ബന്ധുക്കളുടെ അന്ത്യ കർമ്മങ്ങൾവരെ അകലങ്ങളിൽ നിന്ന് വീക്ഷിക്കുവാൻ വിധിക്കപ്പെട്ട ഒരു തലമുറയായി നാം മാറിത്തുടങ്ങിയിരുന്നു. അടിയുറച്ച വിശ്വാസി പോലും ആടിയുലയുന്ന സന്ദർഭങ്ങൾ. 'എന്തിനീ ദുർവ്വിധി ഞങ്ങൾക്ക് തന്നു' എന്ന് ലോകം ഒന്നാകെ സ്വർഗ്ഗത്തോട്



ചോദിച്ചുതുടങ്ങിയിരുന്നു! എല്ലാ ചോദ്യങ്ങളുടെയും ഉത്തരം പരിശുദ്ധ പിതാവിന്റെ ആ ദിവസത്തെ വാക്കുകളിൽ അടങ്ങിയിരുന്നു എന്നത് തെല്ലൊന്നുമല്ല അക്കാലത്ത് ലോകത്തിന് ആശ്വാസം പകർന്നത്.

**ആടുകളുടെ ധ്യാനഗുരുവായ ഇടയൻ**

ഓരോ മനുഷ്യനും വ്യക്തി, സമൂഹം, പ്രപഞ്ചം, വിശ്വാസം, തീർന്നില്ല, കാലത്രയങ്ങളെയും അതിജീവിക്കുവാൻ കരുത്തു പകരുന്ന പ്രത്യാശ എന്നിവയുമായി ബന്ധപ്പെട്ട് ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ധ്യാന ചിന്തകൾ അടങ്ങിയ (ചാക്രീക) ലേഖനങ്ങൾ ലോകത്തിന് ഫ്രാൻസിസ് മാർപാപ്പയുടെ സംഭാവനയായി എക്കാലവും സ്മരിക്കപ്പെടും.

**സാമൂഹ്യ ശാസ്ത്രപഠിതാവായി വിഷയങ്ങളെ സമീപിക്കാനും, ദൈവശാസ്ത്ര നൈപുണ്യത്തോടെ അവയെ അപഗ്രഥിക്കാനും, പ്രവാചകനടുത്ത ദീർഘ വീക്ഷണത്തോടെ അവയിലെ നന്മ തിന്മകളെ വേർതിരിക്കുവാനും എല്ലാറ്റിലുമുപരി എളിയവരുടെയും ശബ്ദമില്ലാത്തവരുടെയും പക്ഷത്തു നിന്ന് ഓരോ വിഷയവും സമൂഹത്തിൽ ഏൽപ്പിക്കുന്ന മുറിവുകൾ സംബന്ധിച്ച് ആഘാത പഠനം നടത്താനും, ആവശ്യമുള്ള ഇടങ്ങളിൽ, അപകട സൂചനകൾ നൽകാനും കഴിഞ്ഞ വലിയ ഇടയൻ.**

ചിലയിടങ്ങളിൽ മാറ്റത്തിന് വിധേയനാകാത്ത കാർക്കശ്യക്കാരനായും മറ്റു ചിലപ്പോൾ അനിവാര്യമായ മാറ്റത്തിന്റെ മുന്നണി പോരാളിയായും അദ്ദേഹം നിലകൊണ്ടു. ഓരോ നിലപാടും 'എന്തുകൊണ്ട്?' എന്ന് വ്യക്തമായി തന്റെ ആടുകളെ ബോധ്യപ്പെടുത്തുന്ന തരത്തിൽ അവരുമായി സംവദിക്കുന്ന ഇടയൻ. ദൈവീക കല്പനകളെയും സഭയുടെ പ്രബോധനങ്ങളെയും കൂടുതൽ വിശാലവും അരക്ഷിതവും സങ്കീർണ്ണവുമായ ഒരു കാലഘട്ടത്തിന്റെ ശുദ്ധീകരണ പ്രക്രിയയുടെ അളവുകോലാക്കിക്കൊണ്ട് പരിശുദ്ധ പിതാവ് തന്റെ ചാക്രീക ലേഖനങ്ങളിലൂടെ ഇന്നിന്റെ തലമുറയുമായി സംവദിക്കുന്നു. ആ ഇടപെടലിൽ, ലോകത്ത് ഉള്ള ഒരു ജനവിഭാഗമോ ഒരു വിഷയമോ ഒഴിവാക്കപ്പെട്ടിരുന്നില്ല. എല്ലാറ്റിനെക്കുറിച്ചും എല്ലാവരോടും സംവദിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കുട്ടികളും, യുവാക്കളും, കുടിയേറ്റ ജനതയും,

www.malankaralibrary.com





അഭയാർത്ഥികളും തുടങ്ങി വേദന അനുഭവിക്കുന്ന എല്ലാ മനുഷ്യരും വിശാലമായ ആ ഹൃദയത്തിലെ കുടിയിരുപ്പുകാർ.

വ്യക്തിയും സമൂഹവും പ്രകൃതിയും എല്ലാം ആരോഗ്യകരമായ ആ സംവാദത്തിൽ പങ്കുകാരായി.

തന്റെ ചിന്തകളെ സ്വാധീനിച്ച വിഷയങ്ങളെയും ആശയങ്ങളെയും എന്നപോലെ വ്യക്തികളെയും സമൂഹങ്ങളെയും യാതൊരു സങ്കോചവുമില്ലാതെ പരിശുദ്ധ പിതാവ് പരസ്യമായി തന്റെ ലേഖനങ്ങളിൽ സ്മരിച്ചിരുന്നു എന്നത് ആ മനസ്സിൽ നിലകൊള്ളുന്ന സമൃദ്ധമായ എളിമയുടെ അടയാളമാണ്. ശ്രേഷ്ഠമായ ആ പട്ടികയിൽ ശ്രീ ബുദ്ധൻ, ഗാന്ധിജി, സ്വാമി വിവേകാനന്ദൻ, മാർട്ടിൻ ലൂഥർ കിംഗ്, ബിഷപ് ഡെസ്മണ്ട് ടുട്ടു തുടങ്ങി വ്യത്യസ്ത വിശ്വാസ ധാരകളിലൂടെ സത്യത്തെ കണ്ടെത്തുവാൻ ഇറങ്ങിയ ലോക ചരിത്രത്തിലെ മഹാരഥന്മാരും, അൽ അസ്ഹറിലെ ഗ്രാന്റ് ഇമാം അഹമ്മദ് അൽ – തായേബ്, ഓർത്തഡോക്സ് പാത്രിയാർക്കീസ് ബർത്തലോമിയോ തുടങ്ങിയ സമകാലീനരും ആഫ്രിക്കൻ രാജ്യമായ കോങ്കോയിലെ മെത്രാൻമാരുടെ സമിതിയും ഭാരത മെത്രാൻ സമിതിയുടെ പ്രസ്ഥാവനകളും എല്ലാം ഉൾപ്പെട്ടു. തനിക്ക് പ്രേരക ശക്തിയായി നിലകൊണ്ട വ്യക്തികളെയും സമൂഹങ്ങളെയും അദ്ദേഹം പരസ്യമായി പ്രസ്താവിച്ചതുവഴി ആ മനസ്സിന്റെ ലാളിത്യത്തെയും എല്ലാ വിശ്വാസ ധാരകളിലും അടങ്ങിയ നന്മയുടെ തന്മാത്രകളെ വേർതിരിക്കാനും അംഗീകരിക്കാനുമുള്ള ആ മനസ്സിന്റെ തുറവിയെയും ലോകം തിരിച്ചറിഞ്ഞു. തന്റെ സ്ഥാനാരോഹണ ദിവസം സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചു കൂടിയ ജനാവലിയെയും ലോകത്തെയും ആശിർവദിക്കുന്നതിനു മുൻപ്, ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട്, പതിവിന് വിപരീതമായി, പരിശുദ്ധ പിതാവ് ഏതാനും നിമിഷം ലോകത്തിന് മുൻപിൽ തലവണങ്ങി നിന്നുകൊണ്ട് തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടതും ഉള്ളിൽ നിറഞ്ഞൊഴുകുന്ന എളിമയുടെ പ്രകാശനം ആയിരുന്നു എന്ന് നാം ഇന്ന് ലോകം തിരിച്ചറിയുന്നു.

ഭയം മൂലം സ്വന്തം രാജ്യത്ത് നിന്നും പലായനം ചെയ്യേണ്ടി വന്ന ലക്ഷക്കണക്കിന് അഭയാർഥികൾക്കുവേണ്ടിയും, നാടിന്റെ സ്വാതന്ത്ര്യം കാക്കുവാനായി യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെട്ട് അതിന്റെ കെടുതികൾ ഏറ്റുവാങ്ങേണ്ടി വന്നവർക്കുവേണ്ടിയും, രാഷ്ട്രങ്ങളുടെ വികലവും മൂലധന കേന്ദ്രീകൃതവുമായ സാമ്പത്തീക നയങ്ങളുടെ ഇരകളാകേണ്ടിവന്ന പാർശ്വവത്കരിക്കപ്പെട്ടവർക്ക് വേണ്ടിയും, എല്ലാത്തരം മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും ആ ശബ്ദം കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി ലോകത്ത് ഉയർന്നു കേൾക്കുന്നു.

**വത്തിക്കാനിലെ തന്റെ സാധാരണ ദിവസങ്ങളിലും ഓരോ വിദേശ രാജ്യത്തെയും തന്റെ ഔദ്യോഗീക സന്ദർശന വേളകളിലും ഒറ്റപ്പെടലിന്റെ യാതനകളും പേറി കഴിയുന്നവർ വസിക്കുന്ന ഇരുൾ മൂടിയ ഇടങ്ങൾ തേടി അദ്ദേഹം എത്തിയപ്പോൾ ക്രിസ്തുസ്നേഹത്തിന്റെ കാൽപ്പെരുമാറ്റം ലോകം തിരിച്ചറിഞ്ഞു.**

ഉറച്ച കാൽവയ്പ്പുകളുമായി താൻ എത്തിച്ചേർന്ന ഇടങ്ങളിൽ മനുഷ്യ നിർമ്മിതമായ 'പാതാള വാതിലുകൾക്കെതിരെ' വി. പത്രോസിന്റെ 266 ആമത് പിൻഗാമി പാറയെന്നപോലെ ഉറച്ചു നിന്നുകൊണ്ട് നിരന്തരം ശബ്ദമുയർത്തിയപ്പോൾ വി. പത്രോസ് സ്ലീഹായിലൂടെ തന്നിൽ ഏൽപ്പിക്കപ്പെട്ട ചുമതലകളുടെ' വിശ്വസ്ഥനും വിവേകിയുമായ കാര്യ വിചാരിപ്പുകാരനായി' അദ്ദേഹം മാറുന്നത് നാം കണ്ടു. ആ ശബ്ദം കേൾക്കുവാനായി ലോകം സാകൂതം കാതോർത്തു.

**അസ്സീസിയിലെ വി. ഫ്രാൻസിസ് കൊളുത്തിയ കൈവിളക്ക്**

മതങ്ങളെയും, സംസ്കാരങ്ങളെയും, വ്യക്തികളെയും പാരമ്പരാഗത വൈരികളായി മുദ്രകുത്തി കൂടുതൽ അകലങ്ങളിലേക്ക് കൊണ്ടെത്തിക്കുവാൻ രാഷ്ട്രീയ, മാധ്യമ, വിപണന സംവിധാനങ്ങൾ തന്ത്രപരമായി വിനിയോഗിക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ, സ്നേഹത്തിൽ ചാലിച്ച പുഞ്ചിരിയോടെ അവയെ നേരിട്ട് വിജയം വരിച്ച മനഃശാസ്ത്രജ്ഞനായി പരിശുദ്ധ പിതാവ് മാറുന്നതും നമുക്ക് കാണുവാൻ കഴിഞ്ഞു. മതിലുകൾക്കപ്പുറമുള്ള സഹോദരനിലേക്ക് ചെന്നെത്തുന്നത് ഏതോ വലിയ പാതകമായി ബോധപൂർവ്വം ചിത്രീകരിക്കപ്പെടുന്ന ഒരു ലോകക്രമത്തിൽ, എല്ലാവരെയും ബഹുമാനിക്കാനും അന്യരിൽ നന്മ കാണുവാനും അത് കണ്ടു സന്തോഷിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. മറ്റൊരാളുടെ ഇഷ്ടാനിഷ്ടങ്ങൾ അടിസ്ഥാനമാക്കി നമ്മുടെ ബന്ധങ്ങൾ നിർവ്വചിക്കുകയല്ല മറിച്ച ലോകം മുഴുവനിലേക്കും തുറന്നി

രിക്കുന്ന ഹൃദയവുമായി' നിലകൊള്ളുവാൻ പരിശുദ്ധ പിതാവ് നമ്മോട് ആവശ്യപ്പെട്ടു. അർത്ഥ ശൂന്യമായ ആക്ഷേപങ്ങൾക്ക് കൈയ്യടിക്കുവാൻ എക്കാലവും കുറേ ആളുകൾ ഉണ്ടായിരുന്നു എന്നത് പിതാവ് നമ്മോട് പറയുന്നു. 'പിശാച് ബാധിതനും ശമരിയക്കാരനും' (യോഹ 8:48) എന്ന് ഈശോയെ വിളിച്ച് ആക്ഷേപിച്ചവർക്ക് അവിടുന്ന് നൽകിയ മറുപടി നല്ല ശമരിയാക്കാരന്റെ അർത്ഥസമ്പുഷ്ടമായ ഉപമയിലൂടെ ആണെന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. **'ചരിത്രപരവും സാംസ്കാരികവുമായ എല്ലാത്തരം മുൻവിധികളെയും ബാലിശമായ താല്പര്യങ്ങളെയും മറികടക്കുന്നതും സ്നേഹിക്കാനുള്ളതുമായ നമ്മുടെ വിളിക്ക് സാർവത്രികമായ ഒരു മാനം ഉണ്ടാകണം;** അവിടുന്ന് തന്റെ പ്രബോധനങ്ങളിലൂടെ നമ്മെ ഓർമ്മപ്പെടുത്തി.

ദൈവസ്നേഹത്താൽ അഭിഷിക്തമായ ഹൃദയവും കരുണയുടെ നീട്ടപ്പെട്ട കരങ്ങളുമായി മതിൽ കെട്ടുകൾക്ക് പുറത്തുള്ള തന്റെ സഹോദരങ്ങളെ തേടി, അദ്ദേഹം നടത്തിയ യാത്രകൾ പലതും കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ തന്നെ നാഴികക്കല്ലുകളായി. സ്വാർത്ഥതയിൽ നിന്നും രൂപപ്പെട്ട നവലോക ക്രമം കാലഘട്ടത്തിന് സമ്മാനിച്ച ഭീകരമായ അരക്ഷിതാവസ്ഥകളെ പരാജയപ്പെടുത്തുവാൻ സാഹോദര്യത്തിന്റെ സന്ദേശവുമായി അദ്ദേഹം സഹോദരങ്ങളുടെ ഭവനങ്ങളിലേക്ക് തീർത്ഥാടനങ്ങൾ നടത്തി. ആ സ്നേഹം സ്വന്ത ജനത്തെയും അയൽക്കാരെയും കടന്ന് അകലങ്ങളിൽ പാർക്കുന്ന സഹോദരങ്ങളെ തേടിയിറങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മതിലുകൾക്കപ്പുറമുള്ള നന്മകളെ തേടിയിറങ്ങാനും, കണ്ടെത്തുവാനും, അവയെ ഉയർത്തിക്കാട്ടാനും ലഭിച്ച അവസരങ്ങളെ അദ്ദേഹം നിർലോഭമായി വിനിയോഗിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിലും, മധ്യപൂർവ്വ ദേശങ്ങളിലും ഐക്യ അറബ് എമിറേറ്റുകളിലും ഉൾപ്പെടെ ചെന്നെത്തിയ ഇടങ്ങളിലെല്ലാം ഊഷ്മളമായ സ്വീകരണങ്ങൾ അദ്ദേഹത്തിന് ലഭിച്ചു എന്നത് വിശാലമായ ആ മനസ്സിനെയും, അതിന്റെ ഉദ്ദേശ ശുദ്ധിയെയും അത് ഉയർത്തിയ സന്ദേശത്തെയും ലോകം ആദരവോടെ തിരിച്ചറിഞ്ഞു എന്നതിന്റെ അടയാളമാണ്.

കുരിശു യുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് വി. ഫ്രാൻസിസ് അസ്സീസ്സി ഈജിപ്തിലെ സുൽത്താൻ മാലിക് - അൽ - കമിലുമായി



നടത്തിയ കൂടിക്കാഴ്ച്ചയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് അദ്ദേഹം തന്റെ യാത്രകളെ, കേവലമായ ആലങ്കാരിക സാന്നിധ്യത്തിനും, ഔപചാരികമായ സംഭാഷണത്തിനും, രാജ്യതന്ത്രജ്ഞതയ്ക്കും, മതാന്തര സംവാദങ്ങൾക്കും അപ്പുറം ഹൃദയങ്ങൾ കൈമാറുന്ന ഐക്യത്തിന്റെ സന്ദേശ യാത്രകളാക്കി മാറ്റിയത്. **'കാവൽ ഗോപുരങ്ങളും പ്രതിരോധ മതിലുകളും കൊണ്ട് പ്രക്ഷുബ്ധമായിരുന്ന കുരിശു യുദ്ധ കാലത്ത് നഗരങ്ങൾ ശക്തമായ കുടുംബങ്ങൾ തമ്മിലുള്ള ഘോര യുദ്ധങ്ങളുടെ രംഗഭൂമി ആയിരുന്നു'.** അതേസമയം നാട്ടിൻ പുറങ്ങളിൽ ദാരിദ്ര്യം വ്യാപിക്കുകയായിരുന്നു. ഈ സമയത്താണ് സാസ്കാരികവും, ഭാഷാപരവും, മതപരവുമായ വ്യത്യസ്തതകൾ നില നിൽക്കുന്ന ഒരിടത്തേക്ക് ദാരിദ്ര്യം, അനാരോഗ്യം,

www.malankaralibrary.com





ദൈർഘ്യമേറിയ യാത്ര പോലെയുള്ള വെല്ലു വിളികൾ ഏറ്റെടുത്തുകൊണ്ട് വി. ഫ്രാൻസിസ് അസ്സീസി സുൽത്താനെ കാണാൻ പോയത്. എല്ലാ രൂപത്തിലുമുള്ള ശത്രുതയും സംഘർ ഷവും ഒഴിവാക്കി സ്വന്തം വിശ്വാസത്തിൽ പങ്കുകാരല്ലാത്തവർക്ക് പോലും വിനയത്തിലും സാഹോദര്യത്തിലുമുള്ള ഒരു വിധേയത്വം കാണിച്ചുകൊടുക്കണമെന്ന് ഏകദേശം എണ്ണൂറ് വർഷങ്ങൾക്ക് മുൻപ് അവർ ഇരുവരും ചേർന്ന് ലോകത്തോട് അഭ്യർത്ഥിച്ചു എന്നത് ചരിത്രം ദർശിച്ച ആദ്യത്തെ സംവാദത്തിന്റെ മധുര ഫലം ആയിരുന്നു. വ്യക്തി, സമൂഹം, ഇവയുടെ സ്വാതന്ത്ര്യം, വിഭവങ്ങളുടെ പങ്കുവയ്ക്കൽ, പ്രകൃതിയുടെ സംരക്ഷണം തുടങ്ങിയ വിഷയ ങ്ങളിലെ പരിശുദ്ധ പിതാവിന്റെ ചുവടു വയ്പ്പുകൾ ഓരോന്നും അസ്സീസിയിലെ വിശു ദ്ധൻ വെട്ടിയൊരുക്കിയ വഴികളിലൂടെ ആയിരുന്നു. **'താൻ (വി. ഫ്രാൻസിസ് അസ്സീസ്സി) പോയ ഇടങ്ങളിലൊക്കെ അദ്ദേഹം സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കുകയും, ദരിദ്രരോടും, പരിത്യക്തരോടും, ഭിന്നശേഷിക്കാരോടും, പുറന്തള്ളപ്പെട്ടവരോടും, തന്റെ സഹോദരീ സഹോദരന്മാരിലെ ഏറ്റവും ചെറിയവരോടും ചേർന്ന് നടക്കുകയും ചെയ്തു' (നാം സോദരർ –2).** അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് തെളിയിച്ചു നൽകിയ കൈവിളക്ക് ഫ്രാൻസിസ് മാർപാപ്പായുടെ വഴികളെ പ്രകാശ പൂരിതമാക്കി.

**'ഒരേ ചക്രവാളം പങ്ക് വയ്ക്കുന്ന നാം സഹോദരങ്ങൾ.'**

ഒരേ ചക്രവാളം പങ്കുവയ്ക്കുന്ന നാം 'ആഗോള നീതി' സൃഷ്ടിക്കാനായി ബോധപൂർവ്വം ശ്രദ്ധിക്കണം. തികവുകളും കുറവുകളും ഒരുമിച്ചു പങ്കിടുന്ന ഏക കുടുംബത്തിലെ അംഗങ്ങൾ എന്ന ഉന്നത സംസ്കൃതിയുടെ പ്രചാരകരാകാൻ വിളിക്കപ്പെട്ടവരാണ് നാം എന്ന് അദ്ദേഹം എപ്പോഴും നമ്മെ ഓർമ്മപ്പെടുത്തി. **'ഭൂമിയുടെ ഒരു ഭാഗത്തുണ്ടാകുന്ന ദാരിദ്ര്യം, കഷ്ടപ്പാട്, അധോഗതി എന്നിവ പ്രശ്നങ്ങളുടെ നിശ്ശബ്ദ പ്രജനന കേന്ദ്രം ആവുകയും അത് ഭൂമി മുഴു വനും ബാധിക്കുന്നതിൽ ചെന്നെത്തുകയും ചെയ്യും.'** കുടുംബത്തിലും സമൂഹത്തിലും സ്നേഹത്തിന്റെയും, സംസ്കാരത്തിന്റെയും, വിഭവങ്ങളുടെയും ഫലപ്രദമായ കൈമാറ്റത്തിന് നാം നേതൃത്വം നൽകണം. മഹാ വ്യാധിക്കു ശേഷം, രൂപപ്പെട്ട ആഗോള വ്യവസ്ഥിതിയിൽ ആതിഥ്യ മര്യാദയുടെയും (Hospitality), സാഹോദ ര്യത്തിന്റെയും (Fraternity), ഐക്യപ്പെടലിന്റെയും (Solidarity) ഒരു പുതിയ ലോകക്രമം കെട്ടിപ്പ ടുക്കുക എന്ന തന്റെ തീവ്രമായ ആഗ്രഹം അദ്ദേഹം ലോകത്തോട് പങ്കുവച്ചപ്പോൾ വിമർശ നങ്ങൾ പലതും ഉയർന്നുവന്നു. സ്വാർത്ഥ ചിന്തയിൽ നിന്നും ഉയരുന്ന അത്തരം വിമർശന ങ്ങളെ തന്റെ കുരിശുകളായി സ്വയം സ്വീകരിച്ചു കൊണ്ട് അവയെ രക്ഷകന്റെ കുരിശിനോട് ചേർത്തുവച്ച് ലോകത്തിന് ഒരു **'പുതുക്കപ്പെട്ട പ്രതീക്ഷ' (Renewed HOPE)** സമ്മാനിക്കുവാനായി മുന്നോട്ട് വരാൻ തന്റെ അജഗണത്തെ അദ്ദേഹം ആഹ്വാനം ചെയ്തു. അഭയാർഥികളുടെ അവകാശ സംരക്ഷണം രാഷ്ട്രങ്ങളുടെ ഔദാര്യമല്ല മറിച്ച് ഈ ലോകത്ത് അഭിമാനത്തോടെ ജീവിക്കുവാൻ ഓരോ മനുഷ്യനുമുള്ള അവകാശം അംഗീകരിച്ചു കൊടു ക്കലാണ് എന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞ പ്പോൾ പല ക്രൈസ്തവ ഭൂരിപക്ഷമുള്ള രാഷ്ട്രങ്ങളുടെ തലവന്മാരും ചില കത്തോലിക്കാ സഭാംഗങ്ങൾ പോലും വിമർശനത്തോടെ അതിനെ സമീപിച്ചു. എന്നാൽ നിർഭയമായി ഈ വിഷയത്തിലുള്ള തന്റെ ഉറച്ച നിലപാട് അദ്ദേഹം ആവർത്തിക്കുകയും **'ദൈവത്തോടുള്ള വിശ്വ സ്തതയും സഹജീവികളോടുള്ള തുറവിയും' ക്രൈസ്തവീയതയിൽ പരസ്പര പൂരകങ്ങ ളായി നിൽക്കുന്നു** എന്ന യാഥാർഥ്യം അവരെ നിരന്തരം ഓർമ്മപ്പെടുത്തുകയും ചെയ്തു. തത്ഫലമായി, അഭയാർഥികൾക്ക് മുൻപിൽ കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ തുറന്നു നൽകുവാൻ അനേകം രാജ്യങ്ങൾ തയ്യാറായി എന്നത്, പരി. പിതാവ് ക്രിസ്തീയതയിൽ കാലൂന്നി നിന്നുകൊണ്ട് ഈ വിഷയത്തിൽ തന്റെ നിരന്തരമായ ഇടപെടലിലൂടെ ഉണ്ടാക്കിയെടുത്ത മാറ്റത്തിന്റെ ഉത്തമ ഉദാഹരണമാണ്. ലോക ത്തിന് പുതിയ ദിശാബോധം നൽകുവാനുള്ള അവസരങ്ങളായി തന്റെ രാജ്യാന്തര യാത്ര കളെയും മാതാന്തര, എക്യുമെനിക്കൽസംവാദങ്ങ ളെയും അദ്ദേഹം ഉപയോഗപ്പെടുത്തി. പ്രകൃതി യുടെ ആരോഗ്യകരമായ പങ്കു വയ്ക്കൽ പ്രോത്സാ ഹിപ്പിക്കുന്ന ഒരു നവ ലോക ക്രമത്തെ പറ്റി അദ്ദേഹം മിക്ക വേദികളിലും വാചാലനാകുന്നതും ലോകം ശ്രദ്ധയോടെ വീക്ഷിച്ചു.

**എല്ലാത്തരം അധിനിവേശങ്ങളെയും മുഖം നോക്കാതെ അപലപിച്ച പാപ്പാ**

തനിക്ക് ലഭിച്ച എല്ലാ വേദികളെയും ഉപയോഗ പ്പെടുത്തി എല്ലാത്തരം അധിനിവേശങ്ങളെയും പരിശുദ്ധ പിതാവ് ശക്തമായി അപലപിച്ചിരുന്നു



എന്നത് ഈ കാലഘട്ടത്തിൽ ലോകത്തിന് ലഭിച്ച അനുഗ്രഹമാണ്. രാഷ്ട്രീയവും ,സാസ്കാരികവും, ബൗദ്ധീകവും, ശാരീരികവും, സാമ്പത്തീകവുമായ എല്ലാവിധ കയ്യേറ്റങ്ങളും, ഹിംസയുടെ വിത്തുകൾ വിതയ്ക്കുന്നു എന്ന് ലോകത്തോട് അദ്ദേഹം ആവർത്തിച്ച് പറഞ്ഞു. അസത്യവും, വെറുപ്പും, വിദ്വേഷവും വിതയ്ക്കുന്ന ഡിജിറ്റൽ പ്രചരണങ്ങൾ മുതൽ വധശിക്ഷ വരെ അദ്ദേഹം വിശാലമായ ആ ഗണത്തിൽ അദ്ദേഹം ഉൾപ്പെടുത്തി. അപരനോട് അസഹിഷ്ണുത പ്രകടിപ്പിക്കുകയും അയാളുടെ സാമൂഹ്യവും സ്വകാര്യവുമായ അവകാശങ്ങൾ കവർന്നെടുക്കാൻ വെമ്പുകയും ചെയ്യുന്ന ഒരു നവീന മാധ്യമ സംസ്കൃതിയുടെ ഇരകളാണ് ഇന്നിന്റെ തലമുറ. അരക്ഷിത ബോധത്തെ വളർത്തുകയും അക്രമത്തെ പ്രോത്സാഹിപ്പിക്കുകയുമാണ് ഇത്തരം വേദികൾ ദുരുപയോഗം ചെയ്യുന്നവരുടെ സംഘടിത ശ്രമം. ലോലമായ ഭാവങ്ങൾക്കും സാവധാനം സംഭവിക്കുന്നതും മനസ്സാക്ഷിയിൽ ആഴപ്പെട്ട് വളരുന്നതുമായ ബന്ധങ്ങൾക്കും സൗഹൃദങ്ങൾക്കും കുടുംബങ്ങളിൽ പോലും സ്ഥാനമില്ലാത്ത അവസ്ഥ. **'വ്യക്തികൾ തമ്മിലുള്ള ബന്ധം ഊഷ്മളവും ഹൃദ്യവുമായി വളർത്തുന്നതിൽ സാങ്കേതികത പരാജയപ്പെടുന്നു' (നാം സോദരർ – 43)** യാന്ത്രികമായി സൃഷ്ടിക്കപ്പെടുന്ന ഇഷ്ടാനിഷ്ടങ്ങളും സാങ്കൽപ്പീക കഥാപാത്രങ്ങളും നമ്മുടെ ജീവിത ക്രമത്തെ നിയന്ത്രിക്കുന്നതിലെ അപകടത്തിലേക്ക് പരിശുദ്ധ പിതാവ് ലോക ശ്രദ്ധയെ നിരന്തരം ക്ഷണിച്ചു. യുദ്ധങ്ങളെയും വധശിക്ഷ നിയമവിധേയമാക്കുന്ന നിയമ വ്യവസ്ഥിതിയെയും ഒരേ ശ്വാസത്തിൽ അദ്ദേഹം അപലപിച്ചു. ഏതു കാരണത്താലായാലും രാജ്യങ്ങളുടെ നാശം ഉന്നമിടുന്ന യുദ്ധവും വ്യക്തിയുടെ ജീവനുമേലുള്ള അധിനിവേശമായ വധശിക്ഷയ്ക്കുമെതിരെ ലോക മനഃസ്സാക്ഷിയെ അദ്ദേഹം നിരന്തരം ഉണർത്തി. ഇക്കാര്യങ്ങളിൽ സഭയുടെ വിശ്വാസപരവും ചരിത്രപരവുമായ പ്രതിജ്ഞാബദ്ധത അദ്ദേഹം ആവർത്തിച്ചു.

**മതവും സഭയും – ആത്മീയ ശക്തിയുടെ പുനരുജ്ജീവനവും**

ജീവകാരുണ്യ മേഖലയിലെയും സാമൂഹ്യ വിദ്യാഭ്യാസ മണ്ഡലങ്ങളിലെയും ഇടപെടലുകൾക്കപ്പുറം ലോകത്ത് നിലനിൽക്കുന്ന ആത്മീയ ശക്തിയെ പുനരുജ്ജീവിപ്പിക്കുക എന്ന ചരിത്ര ദൗത്യം സഭ തുടരണമെന്നത് പ. പിതാവിന്റെ വലിയ ഒരു ആഹ്വാനമായി കാണാം. പൊളിച്ചെഴുത്തുകൾ ആവശ്യമുള്ളിടത്ത് മടിച്ചു നിൽക്കാതെ അദ്ദേഹം നടപ്പിലാക്കി. വിശ്വാസത്തിൽ ഊന്നിയ കാർക്കശ്യം ആവശ്യമുള്ള മേഖലകളെ ശക്തമായി പ്രതിരോധിച്ചു. എല്ലാ മതങ്ങളിലൂടെയും പ്രവർത്തിക്കുന്ന ദൈവ സാന്നിധ്യത്തെ കാണുന്നതിനും അംഗീകരിക്കുന്നതിനും ഫ്രാൻസിസ് മാർപാപ്പാ കാട്ടിയ ധൈര്യം, വേറിട്ട സഞ്ചാരപഥമല്ലേ എന്ന യാഥാസ്ഥിതിക ചിന്ത സഭാവിശ്വാസികൾ ഉൾപ്പെടെ ചില കോണുകളിൽ നിന്നും ഉയർന്നു. എന്നാൽ ലോകത്ത് നിലനിൽക്കുന്ന ആത്മീകതയെ പരിപോഷിപ്പിക്കുവാൻ കൂട്ടായ യത്നം അനിവാര്യമാണ് എന്ന തന്റെ ബോധ്യത്തിൽ നിന്നുമാണ് ഫ്രാൻസിസ് പാപ്പാ ലോകത്തോട് ഇത് പറഞ്ഞത്. ഈ പ്രപഞ്ചം മുഴുവനിലും ദൈവത്തെ ദർശിക്കുകയും അതിനെ മാറോടു ചേർക്കുകയും ചെയ്ത അസീസ്സിയിലെ വി. ഫ്രാൻസിസിന്റെ പിന്മുറ

www.malankaralibrary.com





ക്കാരന് മറിച്ചൊരു വഴിയിലൂടെ സഞ്ചരിക്കുവാനോ നമുക്ക് കാട്ടിത്തരുവാനോ കഴിയില്ല എന്നതും അന്തർലീന സത്യം. ഹൃദയ ഐക്യത്തിലും ധാരണയിലും മതങ്ങൾക്ക് മുന്നോട്ട് നീങ്ങുവാൻ കഴിയണം. സാർവ്വത്രീക സാഹോദര്യത്തിനും മാനവികതയ്ക്കുമായി സഭ പുനഃപ്രതിഷ്ഠിക്കപ്പെടണം. **'അകലങ്ങൾ വർധിപ്പിക്കാനായി ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന മതിലുകളെ നാം ബോധപൂർവ്വം തകർക്കണം.'** ആധുനീക കാലഘട്ടത്തിൽസഭയുടെ വിളിയെ സംബന്ധിച്ച് പരിശുദ്ധ പിതാവിന്റെ ഏറ്റവും അർഥസമ്പുഷ്ടമായ വാക്കുകളെ നമുക്ക് ഓർക്കാം.

**"തുറന്ന വാതിലുകൾ ഉള്ള ഒരു ഭവനമാണ് സഭ. കാരണം അവൾ അമ്മയാണ്. ഈശോയുടെ അമ്മയായ മറിയത്തെ അനുകരിച്ച്, ഭവനം ഉപേക്ഷിച്ച്, അതിന്റെ ആരാധന ഇടങ്ങളിൽ നിന്നും പുറപ്പെട്ട്, സങ്കീർത്തിയിൽ നിന്നും യാത്ര തിരിച്ച്, ജീവിതത്തോടൊപ്പം, പ്രത്യാശ നിലനിർത്താൻ, ഐക്യത്തിന്റെ അടയാളമാകാൻ, പാലങ്ങൾപണിയുന്ന.... മതിലുകൾ തകർക്കുന്ന, അനുരഞ്ജനത്തിന്റെ വിത്തുകൾ വിതയ്ക്കുന്ന ശുശ്രൂഷ ചെയ്യുന്ന സഭയെ നമുക്ക് ആവശ്യമുണ്ട്"** തന്നെ ശ്രവിക്കാനായി വിജനസ്ഥലത്ത് എത്തിയവരെ വിശപ്പടക്കുവാനായി ദൂരേക്ക് പറഞ്ഞുവിടുകയല്ല, മറിച്ച് അവർക്ക് ഭക്ഷിക്കുവാനായി ഉള്ളത് പകുത്തു നൽകിയ രക്ഷകന്റെ പങ്ക് വയ്ക്കലിന്റെ സുവിശേഷം അറിയിക്കുകയും ജീവിക്കുകയുമാണ് ശിഷ്യ ധർമ്മം എന്ന് അദ്ദേഹം തന്റെ ജനത്തെ നിരന്തരം ഉദ്ബോധിപ്പിക്കുന്നു. സ്വന്ത ജീവിതത്തെ സുവിശേഷ പ്രഘോഷണം തന്നെയാക്കി അദ്ദേഹം മാറ്റിയപ്പോൾ ഇരുകൈകളും നീട്ടി ലോകം ആ സുവിശേഷത്തെ സ്വീകരിച്ചു.

**കൈകൾ കൂപ്പി... പ്രാർഥനയോടെ ലോകം**

ഫ്രാൻസിസ് മാർപാപ്പാ ചുമതലയേറ്റിട്ട് മാർച്ച് പതിമൂന്നിന് പന്ത്രണ്ട് വർഷം തികഞ്ഞു. ആരോഗ്യപ്രശ്നങ്ങൾ അലട്ടിയപ്പോഴും ആശുപത്രി കിടക്കയിലും പിന്നീടുള്ള ദിവസങ്ങളിലും തന്റെ സൃഷ്ടാവിനോടും സഹജീവികളോടും സജീവ സമ്പർക്കത്തിൽ പരിശുദ്ധ പിതാവ് തുടർന്നു. തന്നെ തന്നെയും സഭയെയും കൂടുതൽ നവീകരിക്കുന്നതിനായി ആശുപത്രി കിടക്കയെ അദ്ദേഹം തന്റെ ധ്യാനത്തിനുള്ള കേന്ദ്രമായി ഫലപ്രദമായി വിനിയോഗിച്ചു.

ആദർശങ്ങൾക്ക് പ്രായോഗിക മാനം നൽകി അതിനെ സഭയുടെയും സമൂഹത്തിന്റെയും ശുദ്ധീകരണ പ്രക്രിയയ്ക്കായി ഒരുക്കുക എന്ന ദൈവീകമായി ഭരമേൽപ്പിക്കപ്പെട്ട ദൗത്യം വിശ്വസ്ഥതയോടെ അദ്ദേഹം നിർവ്വഹിച്ചു. ലോകത്ത് നിലനിൽക്കുന്ന നന്മയുടെ നാളങ്ങളെ കണ്ടെത്തുവാനും അവയെ ലോകത്തിന് മുൻപിൽ ഉയരത്തിൽ പ്രതിഷ്ഠിക്കുവാനും അവയുടെ പരിപോഷണത്തിനുമായി കൂടുതൽ ഉറച്ച കാൽവയ്പ്പുകൾ അദ്ദേഹത്തിൽ നിന്നും ലോകം പ്രതീക്ഷിച്ചിരുന്നപ്പോഴാണ് സ്വർഗ്ഗം ആ കാലടികൾക്ക് നിത്യമായ വിശ്രമം അനുവദിച്ചു നൽകിയത്. ഉദ്ധിതനായ യേശുവിന്റെ സമാധാനം ലോകത്തിന് ആശംസിച്ചുകൊണ്ട് നമ്മുടെ കണ്ണുകൾക്ക് കാണുവാൻ കഴിഞ്ഞ ആ ഇതിഹാസം വിടവാങ്ങി.






നാം അഭിമുഖീകരിക്കുന്ന അപകടങ്ങളെ ചൂണ്ടിക്കാട്ടുന്ന പ്രവാചക തുല്യമായ ആ ശബ്ദത്തിന് പകരം വയ്ക്കാവുന്ന മറ്റൊരു ശബ്ദം സമകാലീക ലോകത്ത് ഉണ്ടായിട്ടുണ്ടോ എന്നത് ഭാവി തലമുറയുടെ ഒരു ഗവേഷണ വിഷയം തന്നെയാവും. പരിശുദ്ധ പിതാവിന്റെ ഇടയ ശുശ്രൂഷയുടെ പന്ത്രണ്ടാം വാർഷികത്തിന്റെ വാർത്ത പ്രസിദ്ധീകരിച്ചുകൊണ്ട് ഇറങ്ങിയ ഡെക്കാൻ ഹെറാൾഡ് പത്രത്തിലെ ഒരു വാചകം ഇപ്രകാരം ആയിരുന്നു – **'A world without a pope like Francis may, in some ways, resemble a Hobbesian dystopia-one without both a prophet pointing to our better angels and a pragmatic idealist showing a better way.'**

അതേ ഫ്രാൻസിസ് മാർപാപ്പായെ പോലെയുള്ള ഒരു പ്രവാചകന്റെ അഭാവത്തിൽ നാം അധിവസിക്കുന്ന ലോകം ഇന്ന് മറ്റൊന്നായിരുന്നേനെ. ദരിദ്രർക്ക് സദ്വാർത്ത ഏകുവാനും, ബന്ധിതരുടെ മോചനത്തിനായും അടിച്ചമർത്തപ്പെട്ടവരുടെ സ്വാതന്ത്ര്യത്തിനായും, ആത്മീയ അന്ധത ബാധിച്ച ലോകത്തിന് കാഴ്ചയേകുവാനും കർത്താവിനു സ്വീകാര്യമായ വത്സരങ്ങൾ രൂപപ്പെടുത്തുവാനും തന്റെ കാലടികളെ ആ വലിയ ഇടയൻ സമർപ്പിച്ചു. തനിക്ക് ഏറ്റവും പ്രിയപ്പെട്ടതും തന്റെ എല്ലാ പ്രധാന തീരുമാനങ്ങൾക്കും യാത്രകൾക്കും മുൻപും ശേഷവും താൻ ഓടിയെത്തിയിരുന്ന സെന്റ് മേരി മേജർ ബസലിക്കയിലെ പരിശുദ്ധ അമ്മയുടെ ചിത്രത്തിന് മുൻപിൽ, അവസാന ശ്വാസം വരെ കർമ്മനിരതമായിരുന്ന, ആ ശരീരവും മനസ്സും ഒരുപിടി പൂക്കളായി നിത്യമായി നിശ്ചലമാകുമ്പോൾ ആ കാലടിപാടുകളും കാൽപെരുമാറ്റവുംതലമുറകൾക്ക് ഏറെക്കാലം **വിശ്വമാനവികതയുടെ ഊർജ്ജസ്രോതസ്സായി** നിലകൊള്ളും.

**ലോകത്തോട് ചേർന്ന് നമുക്ക്** പ്രാർഥിക്കാം.

*തിരുസഭയുടെ അലങ്കാരമേ....*
*സമാധാനത്താലെ പോകുക.*
*വിശ്വമാനവീകതയുടെ മഹിതാചാര്യാ...*
*നിത്യമായ ശാന്തിയിൽ വസിക്കുക.*

**പാവന സ്മരണയ്ക്ക്**
**90-ാം ചരമ വാർഷികം**
**ഏപ്രിൽ 29**



**വന്ദ്യ പോത്ത**
**ഏബ്രഹാം കത്തനാർ**
**(1859–1935)**
**വാഴക്കുന്നത്ത്, കിഴക്കേവട്ടപ്പറമ്പിൽ, മണ്ണിൽ, പൊൻമേലിൽ, കാട്ടൂർ, കോഴഞ്ചേരി**

www.malankaralibrary.com

## കാലം ചെയ്ത പരിശുദ്ധ
# ഫ്രാൻസിസ് മാർപാപ്പക്ക്




## മലങ്കര സുറിയാനി
## കത്തോലിക്കാസഭയുടെ
# ആദരാഞ്ജലികൾ

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-4-2025
www.malankaralibrary.com
Christavakahalam Monthly, MAY 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....**

# ക്രൈസ്തവ കാഹളം



**വായിക്കുക ◆ പ്രചരിപ്പിക്കുക ◆ വരിക്കാരാക്കുക**

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com